കേരള സർക്കാർ

# കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കോട്ടക്കൽ നഗരസഭ

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.**

Email-dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം 20/212/2020

കേരള സംസ്ഥാന ഒ◌ാഡിറ്റ് വകുപ്പ്,
ജില്ലാ ഒ◌ാഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി 23-03-2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന )

കോട്ടക്കൽ നഗരസഭ

സർ,

വിഷയം :കോട്ടക്കൽ നഗരസഭ -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കോട്ടക്കൽ നഗരസഭ** 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള മുനിസിപ്പാലിറ്റി – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)നഗരകാര്യ ഡയറക്ടർ,(ഉപരിപത്രം സഹിതം)

3)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
4)കാര്യാലയ പകർപ്പ്

എം.എ).5/2020

നം.എൽ.എഫ്.കെ.എസ്.എ.എം.പി.എം 20/212/2020 തീയതി-23-03-2020

## <u>മലപ്പുറം ജില്ലയിലെ കോട്ടക്കൽ നഗരസഭയുടെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(**1994** ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് **295(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **-** വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**.)**

മലപ്പുറം ജില്ലയിലെ കോട്ടക്കൽ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 19-02-2018 മുതൽ 05-01-2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ഷാജഹാൻ.എ.എസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 06-01-2020 മുതൽ 18-01-2020വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1 | ശ്രീ.ഉണ്ണി പൂതംകുറ്റി | ഓഡിറ്റ്ഓഫീസർ(ഹ.ഗ്രേ) |
| | 2 | ശ്രീ.അബ്ദുൽ സത്താർ. സി.പി. | ഓഡിറ്റ്ഓഫീസർ |
| | 3 | ശ്രീ.അബ്ദുന്നാസർ പി | അസി.ഓഡിറ്റ്ഓഫീസർ |
| | 4 | ശ്രീ.സന്തോഷ് പി ടി | അസി.ഓഡിറ്റ്ഓഫീസർ |
| | 5 | ശ്രീമതി ജിഷ കെ | സീനി .ഗ്രേഡ് ഓഡിറ്റർ |
| | 6 | ശ്രീമതി. ലത .ഒ.വി. | സീനി .ഗ്രേഡ് ഓഡിറ്റർ |
| | 7 | ശ്രീ. ബിജേഷ് എ എസ് (06.01.20 മുതൽ 16.01.20 വരെ) | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| ചെയർമാൻ | 1 | ശ്രീ. കെ കെ നാസർ | 01.04.2018മുതൽ31.03.2019വരെ |
| സെക്രട്ടറി | 1 | ശ്രീ.നൗഷാദ് എ | 01.04.2018മുതൽ19.06.2018വരെ |
| | 2 | ശ്രീ. ഷജിൽ കുമാർ (സെക്രട്ടറി ഇൻ ചാർജ്ജ്) | 20.06.2018മുതൽ02.07.2018വരെ |
| | 3 | ശ്രീ. മണികണ്ഠൻ ആർ | 03.07.2018മുതൽ31.03.2019വരെ |
| നിർവ്വഹണഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| മുനിസിപ്പൽഎൻജിനിയർ | | ശ്രീ.മാധവൻ എ | 1.4.2018മുതൽ16.08.2018വരെ |
| | | ശ്രീ.വിപിൻ | 17.08.2018മുതൽ22.09.2018വരെ |
| | | ശ്രീമതി മിനിമോൾ പി ടി | 23.09.2018മുതൽ31.3.2019വരെ |
| | | | |

| | | | |
|---|---|---|---|
| കൃഷി ഓഫീസർ | | ശ്രീ.അരുൺകുമാർ.കെ.വി | 1.4.2018മുതൽ 31.3.2019വരെ |
| സീനിയർ വെറ്റിനറി സർജ്ജൻ | | ഡോ.ഹാറൂൺ അബ്ദുൾ റഷീദ് | 1.4.2018മുതൽ31.3.2019വരെ |
| ഐ.സി.ഡി.എസ് | | ശ്രീമതി.ബിന്ദു പി എൻ. | 1.4.2018മുതൽ 31.3.2019വരെ |
| പ്രിൻസിപ്പാൾ | | ശ്രീമതി.വനജ ഇ എൻ | 1.4.2018മുതൽ 31.3.2019വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം ) | | ഡോ. കദീജ സി | 1.4.2018മുതൽ 31.3.2019വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ ) | | ഡോ.റീത്ത പി | 1.4.2018മുതൽ 31.3.2019വരെ |
| മെഡിക്കൽ ഓഫീസർ – പി എച്ച് സി | | ഡോ.സയ്യിദ് ഫസൽ കെ പി | 1.4.2018മുതൽ 31.3.2019വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ | | ശ്രീ.ഷാജി കുമാർ | 1.4.2018മുതൽ31.3.2019വരെ |
| ഹെഡ്മാസ്റ്റർ | | ശ്രീമതി ലത. കെ വി | 1.4.2018മുതൽ31.3.2019വരെ |
| പ്രോജക്ട്ഓഫീസർ | | ശ്രീ.റഷീദുദ്ദീൻ എം | 1.4.2018മുതൽ31.3.2019വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | കെട്ടിട നിർമ്മാണ പെർമിറ്റ് - നടപടിക്രമങ്ങളിലെ അപാകതകൾ | 1-12 |
| 13 | നഗരസഭാ പരിധിയിലെ ഫുട്ബോൾ ടർഫുകളുടെ നിർമ്മാണം-ഭൂവികസന പെർമിറ്റ് എടുത്തിട്ടില്ല | 1-13 |
| 14 | വസ്തു നികുതി നിർണ്ണയിച്ചത് സംബന്ധിച്ച അപാകതകൾ | 1-14 |
| 15 | ഷോപ്പിംഗ് മാൾ കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ചത് സംബന്ധിച്ച അപാകതകൾ. | 1-15 |
| 16 | വസ്തു നികുതി - പൊതു അപാകതകൾ | 1-16 |
| 17 | ഡി&ഒ ലൈസൻസ്, | 1-17 |

| | | |
|---|---|---|
| | പാരാമെഡിയ്ക്കൽ സ്ഥാപനങ്ങൾ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ:രജിസ്റ്ററുകളും അപേക്ഷകളും ശരിയായി സൂക്ഷിയ്ക്കാത്തത് | |
| 18 | വാടക ഈടാക്കിയില്ല.. | 1-18 |
| 19 | തൊഴിൽനികുതി : അപാകതകൾ | 1-19 |
| 20 | റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയില്ല | 1-20 |
| 21 | സ്കോളർഷിപ്പ് വിതരണം- ഭിന്നശേഷിക്കാരുടെ ഡാറ്റാ രജിസ്റ്റർ തയ്യാറാക്കണം | 1-21 |
| 22 | വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമാക്കേണ്ടതാണ്. | 1-22 |
| 23 | എസ് സി വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് സ്ക്കോളർഷിപ്പ്-അപാകതകൾ | 1-23 |
| 24 | മരുന്നുകൾ ലഭ്യമാക്കേണ്ടതാണ് | 1-24 |
| 25 | പെൻഷൻ കോൺട്രിബ്യൂഷൻ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല | 1-25 |
| 26 | ദിവസ വേതനം അധിക നിരക്കിൽ നൽകി | 1-26 |
| 27 | നഗരസഭയിലെ വാഹനങ്ങളുടെ പരിപാലനം - അപാകതകൾ | 1-27 |
| 28 | നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാങ്ങൽ - അപാകതകൾ | 1-28 |
| 29 | വെള്ളക്കരം കൂടുതലായി അടവാക്കുന്നത് സംബന്ധിച്ച് | 1-29 |
| 30 | പേ-റിവിഷൻ അരിയർ- കുടിശ്ശിക ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 1-30 |
| 31 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി: അപാകതകൾ | 1-31 |
| 32 | മരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട അപാകതകൾ | 1-32 |
| 33 | വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കിയിട്ടില്ല | 1-33 |
| 34 | മരാമത്ത് പ്രവൃത്തികൾ- ടെണ്ടർ നടപടികൾക്ക് ശേഷം എസ്റ്റിമേറ്റിൽ കാതലായ വ്യതിയാനം വരുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നു. | 1-34 |
| 35 | മരാമത്ത് നിർവ്വഹണം- പൊതു അപാകതകൾ സംബന്ധിച്ച്. | 1-35 |
| | | |

| | | |
|---|---|---|
| 36 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ്-മാനുവൽ ടെണ്ടറുകളിൽ മൽസരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നില്ല. | 1-36 |
| 37 | ചെലവ് തുകകൾ പൂർണ്ണമായി ചെലവ് സ്റ്റേറ്റ്മെന്റിൽ ബുക്ക് ചെയ്തില്ല | 1-37 |
| 38 | വനിതകൾക്കുള്ള തൊഴിൽ പരിശീലന കേന്ദ്രം പ്രവർത്തനക്ഷമമാക്കിയിട്ടില്ല. | 1-38 |
| 39 | തെരുവ് വിളക്കുകൾ- റജിസ്റ്റർ സക്ഷിക്കുന്നില്ല | 1-39 |
| 40 | മരാമത്ത് വർക്കുകൾക്കുള്ള തനത് ഫണ്ട് വിനിയോഗം-ചെലവ് രേഖകൾ ഹാജറാക്കിയില്ല- തുക തടസ്സം ചെയ്യുന്നു. | 1-40 |
| 41 | മരാമത്ത് പ്രവൃത്തികൾ-ജി.എസ്.ടി.യിൻമേൽ TDS ഈടാക്കിയതിൽ കുറവ് | 1-41 |
| 42 | ആർജ്ജിതാവധി സറണ്ടർ അധിക നിരക്കിൽ നൽകി | 1-42 |
| 43 | ആരോഗ്യ ജാഗ്രത – ചെലവു വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-43 |
| 44 | സെക്രട്ടറിയുടെ ശമ്പളം ട്രഷറിയിലേക്ക് തിരിച്ചടവാക്കിയില്ല. | 1-44 |
| 45 | അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടത് സംബന്ധിച്ച് | 1-45 |
| 46 | വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകൽ-അപാകതകൾ | 1-46 |
| 47 | അജൈവ മാലിന്യ സംസ്കരണം - പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കാൻ തുക നിക്ഷേപിച്ചത് | 1-47 |
| | **ഭാഗം-4** | |
| 48 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 49 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 50 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 51 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 52 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 53 | സ്ഥിര നിക്ഷേപം | 4-6 |
| 54 | ഓഡിറ്റ് റിക്കവറി | 4-7 |
| 55 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 56 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 57 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 58 | ഓഡിററ് സാക്ഷ്യപത്രം | അനുബന്ധം-1 |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

| 2018-19 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/തിയ്യതി | 2018-19 ലെ ബജറ്റ് പുതുക്കിയ തീരുമാന നമ്പർ/തിയ്യതി |
|---|---|
| തീരുമാനം 1തിയ്യതി -28.3.2018 | തീരുമാനം 1തിയ്യതി -25.3.2019 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2019 | 16.07.2019 | -- | -- |

### 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7,48,32,285.97 |
| വരവ് | 22,64,67,752 |
| ആകെ | 30,13,00,037.97 |
| ചെലവ് | 17,53,21,078 |
| നീക്കിയിരിപ്പ് | 12,59,78,959.97 |

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 36073375 | 36073375 | 35484963 | 588412 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4967000 | 4967000 | 3905695 | 1061305 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 451000 | 451000 | 00 | 451000 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11023000 | 11023000 | 9249473 | 1773527 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 7537000 | 7537000 | 4960630 | 2576370 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 48786535 | 48786535 | 16642890 | 32143645 |
| പഞ്ചാബ് നാഷണൽ ബാങ്ക്,സാക്ഷരത | 31200 | 84558 | 115758 | - | 115758 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | | 0 | 24480 | 24480 | 24480 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 35271752.03 | 81302862 | 116574614.03 | 50917511 | 65657103.03 |
| | ട്രഷറി അക്കൗണ്ട് | 8137802 | 20610375 | 28748177 | 18412792 | 10335385 |
| എസ് ബി ടി ,സാക്ഷരത | | 219470 | 4024045 | 4243515 | 3993006 | 250509 |
| എസ് ബി ടി, (ഒ എ പി ) | | 50094 | 0 | 50094 | 0 | 50094 |
| എസ് ബി ടി ,എൻ എം ബി എസ് | | 14957 | 0 | 14957 | 0 | 14957 |
| വിജയാബാങ്ക് | | 72971.94 | 8481 | 81452.94 | 50 | 81402.94 |
| എസ് ബി ടി , സാനിറ്റേഷൻ | | 38130 | 5025 | 43155 | 0 | 43155 |
| എ.യു.ഇ.ജി.എസ്.പഞ്ചാബ് നാഷണൽ ബാങ്ക്, | | 2872787 | 5147106 | 8019893 | 3231937 | 4787956 |
| ആക്സിസ് ബാങ്ക് ,ഹഡ്കോ | | 103270 | 5426270 | 5529540 | 4780000 | 749540 |
| എസ് ബി ടി , പി എഫ് | | 25471 | 0 | 25471 | 1298 | 24173 |
| എച്ച് ഡി എഫ് സി,കോട്ടയ്ക്കൽ | | 22514 | 797 | 23311 | 0 | 23311 |
| ആക്സീസ് ബാങ്ക് | | 2805510 | 99489 | 2904999 | 0 | 2904999 |
| ഐ ഡി ബി ഐ, സ്വച്ഛാഭാരത് | | 598483 | 5205402 | 5803885 | 22928 | 5780957 |
| അർബ്ബൻ ബാങ്ക് ,കോട്ടയ്ക്കൽ | | 43770 | 1768 | 45538 | 236 | 45302 |
| അർബ്ബൻ ബാങ്ക് ,കോട്ടയ്ക്കൽ ,ശുചിത്വമിഷൻ | | 7512542 | 303506 | 7816048 | 236 | 7815812 |
| ടി പി എ (ഓൾഡ്) | | 67424 | 0 | 67424 | 0 | 67424 |
| ടി പി എ 1 | | 976 | 4525373 | 4526349 | 2009253 | 2517096 |
| ഐ സി ഐ സി ഐ (RMSA) | | 1938254 | 68925 | 2007179 | 0 | 2007179 |
| ടി എസ് ബി അക്കൗണ്ട് | | 1475536 | 1129598 | 2605134 | 0 | 2605134 |
| യൂനിയൻ ബാങ്ക് ,(പി എം എ വൈ) | | 11248023 | 30918577 | 42166600 | 24354738 | 17811862 |
| എസ് ബി ടി ,(ICDS) | | 1861660 | 1266294 | 3127954 | 1670584 | 1457370 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 344 | 21,96,13,353 | 188 | 9,31,76,791 | 152 | 4 | 53.10 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2872787 | 5147106 | 8019893 | 4,44,000 | 47,87,956 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 27,87,93 | 27,87,93 | 27,87,937 | 0 |
| ആകെ | 2872787 | 5147106 | 8019893 | **32,31,937** | 47,87,956 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24,480 | 14 |
| കർഷകതൊഴിലാളി പെൻഷൻ | 15,44,400 | 117 |
| വിധവാപെൻഷൻ | 1,93,70,400 | 1,245 |
| വാർദ്ധക്യകാലപെൻഷൻ | 3,30,03,600 | 2,910 |
| വികലാംഗപെൻഷൻ | 61,72,200 | 527 |
| വിവാഹധനസഹായം | 4,50,000 | 15 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത സ്ത്രീ പെൻഷൻ | 3,82,800 | 33 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.01.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 640501/- രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.(ഡേ ബുക്ക് പ്രകാരമുള്ള 284174 രൂപയും പെറ്റി ക്യാഷ് ബുക്ക് പ്രകാരമുള്ള 356327/- രൂപയും)

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

1.നഗര സഭയിലും അനുബന്ധ കാര്യാലയങ്ങളിലും, നിർവഹണ ഉദ്യോഗസ്ഥർക്ക് പദ്ധതി നിർവഹണത്തിനും, ആവശ്യമായ എല്ലാ രജിസ്റ്ററുകളും ഗ്രാമ ലക്ഷ്മി മുദ്രാലയം, മറ്റു സർക്കാർ വകുപ്പുകൾ എന്നിവിടങ്ങളിൽ നിന്നും വാങ്ങി ഉപയോഗിക്കേണ്ടതും, സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയതും ബൗണ്ടു ബുക്കുകളിൽ ആധികാരികമല്ലാത്ത ഫോർമാറ്റിൽ തയ്യാറാക്കുന്നതുമായ എല്ലാ രജിസ്റ്ററുകളുടെയും ഉപയോഗം അവസാനിപ്പിക്കേണ്ടതുമാണ്. നിർവഹണ ഉദ്യോഗസ്ഥർക്ക് പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട എല്ലാ രജിസ്റ്ററുകളും നൽകി എന്ന് നഗരസഭ ഉറപ്പുവരുത്തേണ്ടതുമാണ്.

2. ഓരോ ശമ്പള പരിഷ്കരണത്തെത്തുടർന്നും ജീവനക്കാരുടെ ശമ്പള നിർണയം നടത്തിയാൽ ആയതിന് ഓഡിറ്റിൽ നിന്നുള്ള അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

മറ്റുള്ള അപാകതകൾ തുടർന്ന് വരുന്ന പരാമർശങ്ങളുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

3. മരാമത്ത് പ്രവൃത്തികളുടെ ബിൽ പ്രകാരമുള്ള തുകകൾ മുനിസിപ്പൽ എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്ന നടപടി പൂർണ്ണമായും നിർത്തൽ ചെയ്യേണ്ടതും കരാറുകാർക്ക് നേരിട്ട് തുക ലഭ്യമാക്കുന്ന രീതിയിൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
മറ്റു അപാകതകൾ തുടർന്നു വരുന്ന പരാമർശങ്ങളുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.06.2015 | 2013-14,2014-15 | 01.07.15 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.08.2018 | 2014-15 മുതൽ 2017-18 വരെ | 14.09.2018 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിനു മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻവർഷം ആർജിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി അസറ്റ് രജിസ്റ്റർ കാലികമാക്കിട്ടില്ല. വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ , മുൻകൂർ രജിസ്റ്റർ എന്നിവ വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4. കുടിശ്ശിക തുകകൾക്ക് തൻവർഷം പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5. തൊഴിൽ നികുതി ഡിമാന്റ് ,കളക്ഷൻ ,ബാലൻസ് എന്നിവ താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിയ്ക്കുന്നു

| ഇനം | ഡിമാന്റ് | | വ്യത്യാസം | കളക്ഷൻ (തന്നാണ്ട്) | | വ്യത്യാസം | ബാലൻസ് | | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|
| | വാർഷിക കണക്കു പ്രകാരം | DCB സ്റ്റേറ്റ്മെന്റ് പ്രകാരം | | വാർഷിക കണക്കു പ്രകാരം | DCB സ്റ്റേറ്റ്മെന്റ് പ്രകാരം | | വാർഷിക കണക്കു പ്രകാരം | DCB സ്റ്റേറ്റ്മെന്റ് പ്രകാരം | |
| ജീവനക്കാരുടേത് (തന്നാണ്ട്) | 9626960 | 9600000 | 26960 | 9511310 | 9551680 | 40370 | 0 | 48320 | 48320 |
| സ്ഥാപനങ്ങളുടേത് (തന്നാണ്ട്) | 2147918 | 2500000 | 352082 | 2147918 | 2165718 | 17800 | 0 | 334282 | 334282 |
| സ്ഥാപനങ്ങളുടേത് (കുടിശ്ശിക) | 9724445 | 300000 | 9424445 | 255208 | 255208 | 0 | 9469237 | 44792 | 9424445 |

6. **വാടക അരിയർ ഡിമാന്റ് ,കളക്ഷൻ ,ബാലൻസ് എന്നിവ താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിയ്ക്കുന്നു**

| ഇനം | ഡിമാന്റ് | വ്യത്യാ | കളക്ഷൻ (തന്നാണ്ട്) | വ്യത്യാ | ബാലൻസ് | വ്യത്യാ |
|---|---|---|---|---|---|---|

| | | | സം | | | സം | | | സം |
|---|---|---|---|---|---|---|---|---|---|
| | വാർഷിക കണക്കു പ്രകാരം | DCB സ്റ്റേറ്റ്മെന്റ് പ്രകാരം | | വാർഷിക കണക്കു പ്രകാരം | DCB സ്റ്റേറ്റ്മെന്റ് പ്രകാരം | | വാർഷിക കണക്കു പ്രകാരം | DCB സ്റ്റേറ്റ്മെന്റ് പ്രകാരം | |
| വാടക (കുടിശ്ശിക) | 2172572 | 1395906 | 776666 | 826442 | 826442 | 0 | 1346130 | 569464 | 776666 |

7. ബാലൻസ് ഷീറ്റ് ബി-1 ഷെഡ്യൂൾ (ലാൻഡ്സ്കേപ്പ് സ്റ്റേറ്റ്മെന്റ്) പ്രകാരം ജനറൽ ഫണ്ട് (310100100) നീക്കിയിരിപ്പ് 10541241.97 രൂപയാണ് എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം 60227384.37 വ്യത്യാസം 4,96,86,142.4

ബാലൻസ് ഷീറ്റ് ബി-1 ഷെഡ്യൂൾ (ലാൻഡ്സ്കേപ്പ് സ്റ്റേറ്റ്മെന്റ്) പ്രകാരം Excess of Income over Expenditure (310900100) നീക്കിയിരിപ്പ് 66024006.4 രൂപയാണ് എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം 16337864 വ്യത്യാസം 49686142.4

14. ബാലൻസ് ഷീറ്റിൽ State Govt Cesses/Levies in property tax (Library cess) എന്ന ഇനത്തിലുള്ള തുക 503919.15 യഥാർത്ഥ തുക (224143.9)യുമായി പൊരുത്തപ്പെടുന്നില്ല

15. 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ക്ര.ന 4,7,8 എന്നിവ ഒഴികെയുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല

## 1-12 കെട്ടിട നിർമ്മാണ പെർമിറ്റ് - നടപടിക്രമങ്ങളിലെ അപാകതകൾ

**1. അനധികൃത കെട്ടിടനിർമ്മാണം ക്രമവത്കരിക്കുന്നത് സംബന്ധിച്ച്**

ഫയൽ നം. 8211/18 തീയ്യതി 08.05.18 പ്രകാരം ശ്രീ. ഹംസ. എം എന്നവർ കോട്ടക്കൽ വില്ലേജിലെ 191/8 റീസർവ്വെ നമ്പറിലുള്ള 0.0673 ഹെക്ടർ സ്ഥലത്ത് ഇരു നിലകളിലായി നിർമ്മിച്ച കെട്ടിടത്തിന്റെ മുകളിൽ നഗരസഭയിൽ നിന്നും പെർമിറ്റ് എടുക്കാതെ ഒരു നില കൂടി അനധികൃതമായി നിർമ്മിച്ചത് GO(P) No. 11/2018/LSGD Dt. 15.02.18 ഉത്തരവ് പ്രകാരം ക്രമവത്കരിച്ച് നൽകുന്നതിന് അപേക്ഷ നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നഗരസഭ നടപടിയും സ്വീകരിച്ചിട്ടുണ്ട്.

കോട്ടക്കൽ - ഇന്ത്യനൂർ റോഡ് സൈഡിൽ ഉള്ള ടി കെട്ടിടത്തിന് റോഡിൽ നിന്നുള്ള കുറഞ്ഞ അകലമായ 3 മീറ്റർ ഇല്ല. ഇത് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 383A വകുപ്പിന്റെ ലംഘനമാണ്. ഇങ്ങനെയുള്ള അപാകത ഉള്ള കെട്ടിടങ്ങളെ മേൽ പറഞ്ഞ ഉത്തരവ് പ്രകാരം ക്രമവത്കരിച്ച് നൽകാൻ സാധിക്കുകയില്ല. (Kerala Municipality Building (Regularisation of Unauthorised Construction) Rules, Section 6(4) പ്രകാരം). ഇത് സൂചിപ്പിച്ച് അപേക്ഷ നിരസിക്കേണ്ടതായിരുന്നു. എന്നാൽ ഇങ്ങനെ ചെയ്യാതെ മേൽ ഉത്തരവ് പ്രകാരം നഗരസഭ തുടർനടപടികൾ സ്വീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 03/10.01.2020-നുള്ള മറുപടിയിൽ ജില്ലാ നഗരാസൂത്രകയുടെ മറുപടിക്കത്തിൽ മേൽ പറഞ്ഞ വസ്തുത ഉൾപ്പെടെ 14 അപാകതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നും, ഈ അപാകതകൾ പരിഹരിച്ച് അപേക്ഷ പുതുക്കി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

2. **കെട്ടിടത്തിന്റെ ബേസ്മെന്റിനായി മണ്ണെടുക്കുന്നതിന് ജിയോളജി വകുപ്പിൽ നിന്നുള്ള അംഗീകാരം**

ഫയൽ നം. 11150/18 തീയ്യതി 04.07.18 പ്രകാരം ശ്രീ. അബൂബക്കർ, ശ്രീമതി ഹസീന എന്നവർക്ക് 2910.83 ചതുരശ്രമീറ്റർ തറവിസ്തീർണ്ണം (Plinth Area) ഉള്ള വാണിജ്യ കെട്ടിടത്തിന് പെർമിറ്റ് നൽകിയിരുന്നു. കെട്ടിടത്തിന്റെ രണ്ട് ഫ്ലോർ സെല്ലാർ ഭാഗത്തിനായി മണ്ണെടുക്കുന്നതിനായി ജിയോളജി വകുപ്പിൽ നിന്നും അംഗീകാരം ലഭിക്കേണ്ടതുണ്ട്. എന്നാൽ ടി രേഖ ബന്ധപ്പെട്ട ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ജിയോളജി വകുപ്പിൽ നിന്നും അംഗീകാരം ലഭിക്കാതെ നിർമ്മാണം ആരംഭിക്കരുത് എന്ന് സെക്രട്ടറി ഫയലിൽ കുറിച്ചിട്ടുമുണ്ട്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 03/10.01.2020-നുള്ള മറുപടിയിൽ മേൽ സൂചിപ്പിച്ച അംഗീകാരം ലഭിക്കാതെ കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും, ഈ അംഗീകാരം ലഭിക്കുന്നത്

വരെ കെട്ടിടനിർമ്മാണം നിർത്തിവെക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 1-13 നഗരസഭാ പരിധിയിലെ ഫുട്ബോൾ ടർഫുകളുടെ നിർമ്മാണം- ഭൂവികസന പെർമിറ്റ് എടുത്തിട്ടില്ല

നഗരസഭാ പ്രദേശത്ത് ആധുനിക രീതിയിലുള്ള ടർഫ് കളിസ്ഥലങ്ങൾ നിർമ്മിക്കുന്നുണ്ട്. 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 2(ae) പ്രകാരം ഭൂമിയുടെ നിലവിലുള്ള ഉപയോഗത്തിൽ മാറ്റം വരുത്തിക്കൊണ്ട് ഉല്ലാസോദ്യാനങ്ങൾ, കളിസ്ഥലങ്ങൾ നിർമ്മിക്കൽ പോലെയുള്ള പ്രവൃത്തികളെ 'ഭൂവികസനം' എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള പ്രവൃത്തികൾക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഭൂവികസന പെർമിറ്റ് നേടേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം 12/15.01.2020-നുള്ള മറുപടിയിൽ നഗരസഭാ പരിധിയിൽ മേൽ സൂചിപ്പിച്ച പ്രകാരമുള്ള 6 കളിസ്ഥലങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും, എന്നാൽ ഇവയിൽ മൂന്നെണ്ണം പെർമിറ്റ് എടുക്കാതെയാണ് നിർമ്മിച്ചിട്ടുള്ളത് എന്നും അറിയിച്ചിട്ടുണ്ട്. പെർമിറ്റ് ലഭിക്കാതെ നടത്തിയ ഈ പ്രവൃത്തികളെ ക്രമവത്കരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി നിർണ്ണയിച്ചത് സംബന്ധിച്ച അപാകതകൾ

**1. കെട്ടിടത്തിനെ വ്യത്യസ്ത മുറികളായി തരം തിരിച്ച് വസ്തു നികുതി കുറവായി ഈടാക്കി**

ശ്രീമതി ഷബ്ന.കെ എന്നവരുടെ ഉടമസ്ഥതയിലുള്ള 32-ാം വാർഡിലെ 72A മുതൽ 72N വരെ മുറികളുള്ള കെട്ടിടത്തിൽ നിലവിൽ വീമാർട്ട് ഹൈപ്പർ മാർട്ട് എന്ന സൂപ്പർ മാർക്കറ്റ് ആണ് പ്രവർത്തിക്കുന്നത്. സഞ്ചയ പ്രകാരം ആകെ 631.32 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണം വരുന്ന കെട്ടിടത്തിനെ വ്യത്യസ്ത മുറികളായി തരം തിരിച്ച് കുറഞ്ഞ നികുതി ഈടാക്കുകയാണ് ചെയ്തിട്ടുള്ളത് (100 ചതുരശ്ര മീറ്ററിൽ കുറവുള്ള മുറികൾക്ക് ച. മീറ്ററിന് 40/- രൂപ എന്ന നിരക്കിൽ). ഒരേ ഉടമസ്ഥതയിലും ഒരേ ഉപയോഗക്രമത്തിനുമായുള്ള ടി കെട്ടിടത്തിനെ 200 ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ് കെട്ടിടം എന്ന തരത്തിൽ ഉൾപ്പെടുത്തി ച. മീറ്ററിന് 90/- രൂപ എന്ന നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കേണ്ടതായിരുന്നു.

കെട്ടിടത്തിന് ഈടാക്കേണ്ട യഥാർത്ഥ നികുതി ചുവടെ നിർണ്ണയിക്കുന്നു.

| | |
|---|---|
| **1) കെട്ടിടത്തിന്റെ ഭൂനിരപ്പ് നില (32/72A മുതൽ 72G വരെയുള്ള മുറികൾ)** | |
| മുറികളുടെ തറവിസ്തീർണ്ണം | 303.3 ച. മീ. |
| അടിസ്ഥാന വസ്തുനികുതി | 303.3 X 90 = 27297 |
| വാർഷിക വസ്തുനികുതി (വർദ്ധനവ്/ കുറവ് ഉൾപ്പെടെ) | 30027 (20% വർദ്ധനവ് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ, 10% കുറവ് ദ്വിതീയ മേഖല) |
| **2) കെട്ടിടത്തിന്റെ ഒന്നാം നില (32/72H മുതൽ 72N വരെയുള്ള മുറികൾ)** | |
| മുറികളുടെ തറവിസ്തീർണ്ണം | 328.02 ച. മീ. |
| അടിസ്ഥാന വസ്തുനികുതി | 328.02 X 90 = 29522 |
| വാർഷിക വസ്തുനികുതി (വർദ്ധനവ്/ കുറവ് ഉൾപ്പെടെ) | 30851 (20% വർദ്ധനവ് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ, 10% കുറവ് ദ്വിതീയ മേഖല, 5% കുറവ് ഒന്നാം നിലക്ക്) |
| **കെട്ടിടത്തിന്റെ ആകെ വാർഷിക വസ്തുനികുതി (1 + 2)** | 60878 |
| ഈടാക്കിയ നികുതി | 27,062 |
| വ്യത്യാസം | 33,816 |

കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണ്ണയിച്ച് മേൽ പട്ടിക പ്രകാരമുള്ള മുൻവർഷങ്ങൾ ഉൾപ്പെടെയുള്ള കുടിശ്ശിക തുക (ലൈബ്രറി സെസ് ഉൾപ്പെടെ) കെട്ടിട ഉടമയിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2. 100 ചതുരശ്ര മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ വസ്തു നികുതി ഈടാക്കി**

100 ചതുരശ്ര മീറ്ററിൽ കൂടുതലുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്കുള്ള വസ്തു നികുതി ചതുരശ്ര മീറ്ററിന് 70/- രൂപയാണെങ്കിലും താഴെ കൊടുത്തിരിക്കുന്ന റൂമുകൾക്ക് കുറഞ്ഞ നിരക്കായ 40/- രൂപയാണ് വസ്തു നികുതിയായി നിർണ്ണയിച്ചിട്ടുള്ളത്.

| കെട്ടിട നം. | തറവിസ്തീർണ്ണം (ച. മീ) | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ട വസ്തു നികുതി | വ്യത്യാസം |
|---|---|---|---|---|
| 3/470 | 192.32 | 192.32 X 40 = 7693 | 192.32 X 70 = 13462 | 5769 |
| 3/477 | 104.47 | 104.47 X 40 = 4179 | 104.47 X 70 = 7313 | 3134 |

100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യ വിഭാഗത്തിൽ വരുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി മേൽ പട്ടിക പ്രകാരം പുനർനിർണ്ണയിക്കേണ്ടതും മുൻവർഷങ്ങൾ ഉൾപ്പെടയുള്ള കുടിശ്ശിക തുക (ലൈബ്രറി സെസ് ഉൾപ്പെടെ) കെട്ടിട ഉടമയിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3. വാഹന വിൽപ്പന കേന്ദ്രത്തെ ഇതര വ്യവസായങ്ങൾക്കുള്ളവ എന്ന ഉപയോഗക്രമത്തിൽപെടുത്തി വസ്തു നികുതി കുറവായി നിർണ്ണയിച്ചു**

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന 28/633A, 633B നമ്പറുകളുള്ള കെട്ടിടത്തിൽ ഇറാം മോട്ടോർസ് എന്ന ഓട്ടോമൊബൈൽ സെയിൽസ് & സർവ്വീസ് സെന്ററാണ് പ്രവർത്തിക്കുന്നത്. ഇതിൽ 859 ചതുരശ്രമീറ്റർ വരുന്ന 28/633A നം. മുറി സെയിൽസ് സെന്ററും, 177.27 ചതുരശ്രമീറ്റർ വരുന്ന 28/633B നം. മുറി വർക്ക് - ഷോപ്പുമാണ്. 2011-ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതിയും, ഉപനികുതിയും സർചാർജും ചട്ടങ്ങൾ പ്രകാരം സാധനങ്ങൾ വിൽക്കുന്നതിനും, വാങ്ങുന്നതിനും വിൽപ്പനക്കായി സംഭരിച്ചുവെക്കുന്നതുമായ കെട്ടിടങ്ങളെ വാണിജ്യകെട്ടിടങ്ങൾ എന്ന തരത്തിലാണ് ഉൾപ്പെടുത്തേണ്ടത്. മേൽ സൂചിപ്പിച്ചതിൽ 28/633A നം. മുറി ഈ ഉപയോഗക്രമത്തിൽപെടുന്നതാണ്. എന്നാൽ കെട്ടിടത്തെ ഒന്നാകെ 'ഇതര വ്യാവസായങ്ങൾക്കുള്ളവ' എന്ന ഉപയോഗക്രമത്തിൽപെടുത്തി വസ്തു നികുതി കുറവായാണ് (ചതുരശ്ര മീറ്ററിന് 50 രൂപ) നിർണ്ണയിച്ചിട്ടുള്ളത്. 28/633A നം. മുറിയുടെ യഥാർത്ഥ അടിസ്ഥാന വസ്തു നികുതിയും നിലവിലെ നികുതിയിൽ നിന്നുള്ള വ്യത്യാസവും ചുവടെ കണക്കാക്കുന്നു

| കെട്ടിട നം. | തറവിസ്തീർണ്ണം (ച. മീ) | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ട വസ്തു നികുതി | വ്യത്യാസം |
|---|---|---|---|---|
| 28/633A | 859 | 859 X 50 = 42,950 | 859 X 70 = 60,130 | 17,180 |

'ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ' എന്ന ഉപയോഗക്രമത്തിൽപെടുത്തി നികുതി നിർണ്ണയിച്ച 28/633A നം. മുറിയുടെ ഉപയോഗക്രമം 100 ചതുരശ്രമീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം എന്ന തരത്തിലേക്ക് മാറ്റേണ്ടതും മേൽ പട്ടികയിൽ സൂചിപ്പിച്ച പോലെ വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്. പട്ടിക പ്രകാരം വ്യത്യാസം വരുന്ന കുടിശ്ശിക തുക (ലൈബ്രറി സെസ് ഉൾപ്പെടെ) കെട്ടിട ഉടമയിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 13/15.01.2020-ന് മറുപടി ലഭിച്ചിട്ടില്ല.

## 1-15 ഷോപ്പിംഗ് മാൾ കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ചത് സംബന്ധിച്ച അപാകതകൾ

ശ്രീ കുഞ്ഞിമുഹമ്മദ് & ശ്രീമതി സഫിയ, നീലിയാട്ട് എന്നവരുടെ ഉടമസ്ഥതയിൽ 32-ാം വാർഡിൽ ലാൻഡ്സ് മാൾ എന്ന പേരിൽ ഒരു കെട്ടിടം നിലനിൽക്കുന്നുണ്ട്. കെട്ടിടത്തിന് 613A മുതൽ 613Z23 വരെയുള്ള നമ്പറുകളാണ് നൽകിയിരിക്കുന്നത്.

കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| നില | പ്ലിന്ത് ഏരിയ (ച. മീ.) | ഫ്ലോർ ഏരിയ | കെട്ടിട നം. |
|---|---|---|---|
| ബേസ്മെന്റ് | 1101.56 | 37 | നൽകിയിട്ടില്ല |

| | | | |
|---|---|---|---|
| ഭൂനിരപ്പ് | 1101.56 | 1064 | 613A മുതൽ 613M വരെ |
| ഒന്നാം നില | 1101.56 | 995.94 | 613N മുതൽ 613Y വരെ |
| രണ്ടാം നില | 1101.56 | 1064 | 613Z മുതൽ 613Z22 വരെ |
| ടെറസ് നില | 68.9 | 68.9 | 613Z23 |
| ആകെ | 4475.14 | 3229.84 | |

1. കെട്ടിടത്തിന്റെ ഭൂനിരപ്പ് നില, ഒന്നാം നില എന്നിവ ഒരു ഷോപ്പിംഗ് മാളായാണ് ഉപയോഗിക്കുന്നത്. എന്നാൽ ഈ ഉപയോഗക്രമത്തിൽപെടുത്താതെയാണ് കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത് യഥാക്രമം 457.23 ച.മീ., 303.61 ച.മീ., 271.26 ച.മീ. തറവിസ്തീർണ്ണം വരുന്ന 613G, 613N, 613P നം. മുറികൾക്ക് മാത്രമാണ്, ഷോപ്പിംഗ് മാൾ എന്ന ഉപയോഗക്രമത്തിൽ പെടുത്തി ചതുരശ്ര മീറ്ററിന് 90 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ ഭൂനിരപ്പ്, ഒന്നാം നിലകളെ ഒന്നാകെ ഷോപ്പിംഗ് മാൾ എന്ന ഉപയോഗക്രമത്തിൽ പെടുത്തി നികുതി നിർണ്ണയിക്കേണ്ടതായിരുന്നു.

2. കെട്ടിടത്തിന്റെ ഭൂനിരപ്പ് നില, ഒന്നാം നിലകൾക്ക് കേന്ദ്രീകൃത എയർകണ്ടീഷൻ സംവിധാനം ഉണ്ട്. 250 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം വരുന്ന ഈ നിലകൾക്ക്, മേൽത്തരം തറയാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ രണ്ട് വസ്തുതകളും നികുതി നിർണ്ണയിച്ചപ്പോൾ കണക്കിലെടുത്തിട്ടില്ല.

3. കെട്ടിടത്തിന്റെ ബേസ്മെന്റിൽ 37 ചതുരശ്ര മീറ്റർ വിസ്തീർണ്ണം ഫ്ലോർ ഏരിയ ആയി കംപ്ലീഷൻ പ്ലാനിൽ കാണിച്ചിട്ടുണ്ടെങ്കിലും (ഈ സ്ഥലം പാർക്കിംഗിനായി ഉപയോഗിക്കുന്നില്ല), ഈ സ്ഥലം വസ്തു നികുതി കണക്കാക്കിയപ്പോൾ പരിഗണിച്ചിട്ടില്ല.

ഷോപ്പിംഗ് മാൾ കെട്ടിടത്തിന് ഇൗടാക്കേണ്ട വസ്തു നികുതി ചുവടെ ചേർക്കുന്നു.

| | |
|---|---|
| **1) കെട്ടിടത്തിന്റെ ഭൂനിരപ്പ് നില (32/613A മുതൽ 613M വരെയുള്ള മുറികൾ)** | |
| മുറികളുടെ തറവിസ്തീർണ്ണം | 1101.56 + 37 (ബേസ്മെന്റിലുള്ളത്) = 1138.56 ച. മീ. |
| അടിസ്ഥാന വസ്തുനികുതി | 1138.56 X 90 = 102471 |
| ഇളവുകൾ/വർദ്ധനകൾ | 20% (5 മീറ്ററിൽ കൂടതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം) - 10% (ദ്വിതീയ മേഖല) + 10% (കേന്ദ്രീകൃത എയർ കണ്ടീഷൻ) + 15% (മേൽത്തരം തറ) = 35% = 35865 |
| വാർഷിക വസ്തുനികുതി | 138336 |
| **2) കെട്ടിടത്തിന്റെ ഒന്നാം നില (32/613N മുതൽ 613Y വരെയുള്ള മുറികൾ)** | |
| മുറികളുടെ തറവിസ്തീർണ്ണം | 1101.56 ച. മീ. |
| അടിസ്ഥാന വസ്തുനികുതി | 1101.56 X 90 = 99141 |
| ഇളവുകൾ/വർദ്ധനകൾ | 20% (5 മീറ്ററിൽ കൂടതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം) - 10% (ദ്വിതീയ മേഖല) + 10% (കേന്ദ്രീകൃത എയർ കണ്ടീഷൻ) + 15% (മേൽത്തരം തറ) = 35% = 34700 |
| വാർഷിക വസ്തുനികുതി (ഒന്നാം നിലക്ക് 5% ഇളവ് ഉൾപ്പെടെ) | 1,27,149 |
| **കെട്ടിടത്തിന്റെ ആകെ വാർഷിക വസ്തുനികുതി (1 + 2)** | 2,65,485 |
| ഈടാക്കിയ നികുതി | 1,59,536 |
| വ്യത്യാസം | 1,05,949 |
| കുടിശ്ശിക തുക (2016-17 മുതൽ 2018-19 വരെ മൂന്നു വർഷത്തേക്ക്) | 3,17,847 |

മേൽ പട്ടികയിൽ സൂചിപ്പിച്ച പോലെ കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിക്കേണ്ടതും കുടിശ്ശിക തുകയായ 3,17,847/- രൂപ കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതുമാണ്.

4. കെട്ടിടത്തിന്റെ ബേസ്മെന്റ് നില പാർക്കിംഗിനായാണ് കാണിച്ചിരിക്കുന്നതെങ്കിലും നിലവിൽ ഈ നിലയുടെ വലിയൊരു ഭാഗം സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിനായാണ് ഉപയോഗിക്കുന്നത് എന്ന് ബന്ധപ്പെട്ട ഫയൽ നോട്ടിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. പാർക്കിങ്ങിനായി പ്ലാൻ പ്രകാരമുള്ള സ്ഥലം ലഭ്യമാക്കേണ്ടതാണ്.
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 14/15.01.2020-ന് മറുപടി ലഭിച്ചിട്ടില്ല.

## 1-16 വസ്തു നികുതി - പൊതു അപാകതകൾ

**1. മേഖലകളെ അശാസ്ത്രീയമായി തരം തിരിക്കുന്നു**

2011-ലെ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7, പട്ടിക 1 പ്രകാരം നഗരസഭാ പ്രദേശത്തെ വ്യത്യസ്ത മേഖലകളാക്കി തരം തിരിച്ചിട്ടുണ്ട്. ഇതു പ്രകാരം സർക്കാർ-അർദ്ധസർക്കാർ ഓഫീസുകൾ, വ്യാപാരസ്ഥാപനങ്ങൾ, മാർക്കറ്റ്, ആശുപത്രി എന്നിവ താരതമ്യേന കൂടുതലായി സ്ഥിതിചെയ്യുന്ന പ്രദേശങ്ങളെ പ്രഥമമേഖലകളായി കണക്കാക്കാവുന്നതാണ്. എന്നാൽ കോട്ടക്കൽ നഗരസഭയിൽ ആകെയുള്ള 32 വാർഡുകളെയും ദ്വിതീയ മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതു വഴി നഗരസഭാ പരിധിയിലുള്ള എല്ലാ കെട്ടിടങ്ങളുടെയും അടിസ്ഥാന വസ്തു നികുതിക്കു മേൽ 10% ഇളവ് കൊടുക്കുന്ന രീതി തികച്ചും അശാസ്ത്രീയമാണ്.
മേഖലകളെ അശാസ്ത്രീയമായി തരം തിരിച്ചതു മൂലം, വസ്തു നികുതിയിൽ 10% ഇളവ് കൊടുക്കേണ്ടി വരികയും, ഇതു വഴി നഗരസഭക്ക് വസ്തുനികുതി ഇനത്തിൽ വലിയ നഷ്ടം സംഭവിക്കുകയും ചെയ്യുന്നുണ്ട്. മേഖലകളെ പുനർനിർണ്ണയിച്ച് വസ്തുനികുതിയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

**2. കെട്ടിട നിർമ്മാണം/പൂർത്തീകരണം സംബന്ധിച്ച ഫയലുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച്**

കെട്ടിട നിർമ്മാണം/പൂർത്തീകരണം സംബന്ധിച്ച ഫയലുകൾ നഗരസഭയിലെ എഞ്ചിനീയറിംഗ്, റവന്യൂ എന്നീ വിഭാഗങ്ങളാണ് കൈകാര്യം ചെയ്യുന്നത്. കെട്ടിട നികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ്‌വേറിൽ കെട്ടിട നിർമ്മാണ പെർമിറ്റ് നം. (BA നം.) ശരിയായി രേഖപ്പെടുത്താത്തതിനാൽ, നിർമ്മാണം പൂർത്തിയായ കെട്ടിടങ്ങളുടെ ഫയലുകൾ പുന:പരിശോധിക്കാൻ കാലതാമസം നേരിടുന്നതാണ്.
കെട്ടിട നിർമ്മാണം പൂർത്തിയായി ഒക്യുപൻസി നൽകുമ്പോൾ സഞ്ചയ സോഫ്റ്റ്‌വേറിൽ പെർമിറ്റിന്റെ വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഇതിലേക്കായി മേൽപറഞ്ഞ റവന്യൂ, എഞ്ചിനീയറിംഗ് വകുപ്പുകളുടെ ഏകോപനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-17 ഡി&ഒ ലൈസൻസ്, പാരാമെഡിയ്ക്കൽ സ്ഥാപനങ്ങൾ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ:രജിസ്റ്ററുകളും അപേക്ഷകളും ശരിയായി സൂക്ഷിയ്ക്കാത്തത്.

ഡി&ഒ ലൈസൻസ് ഫീ, പാരാമെഡിയ്ക്കൽ സ്ഥാപനങ്ങൾ,ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, എന്നിവയുടെ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

1)<u>ഡി&ഒ ലൈസൻസ് ഫീ</u>

32 വാർഡുകളിൽ നിന്നുമായി 1977 അപേക്ഷകളാണ് (വാർഷിക റിപ്പോർട്ട് പ്രകാരം) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. അപേക്ഷകൾ, ഡിമാന്റ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്യുമ്പോൾ ക്രമനമ്പർ ചേർക്കുന്നില്ല. അപേക്ഷകൾ ഡിമാന്റ് രജിസ്റ്ററിലെ നമ്പർ പ്രകാരം നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല. നിർത്തലാക്കിയ സ്ഥാപനങ്ങളുടെ വിവരം രജിസ്റ്ററിൽ ചേർക്കുന്നില്ല.

2)<u>പാരാമെഡിയ്ക്കൽ സ്ഥാപനങ്ങൾ :</u>

നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരം 2018-19ഓഡിറ്റ് വർഷത്തിൽ 49 സ്ഥാപനങ്ങളുടെ അപേക്ഷകളാണ് പരിശോധനയ്ക്ക് ലഭ്യമായത്.അപേക്ഷകൾ ഡിമാന്റ് രജിസ്റ്ററിലെ നമ്പർ

പ്രകാരം നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല. ലഭ്യമാക്കിയ അപേക്ഷകളിൽ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ പുതുക്കുന്നതിനാണോ അതോ പുതിയ സ്ഥാപനം ആരംഭിയ്ക്കുന്നതിനു വേണ്ടിയാണോ എന്നതു സംബന്ധിച്ച വ്യക്തമായ വിവരം അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററിലും ആവശ്യമായ വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തുന്നില്ല.സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, സ്ഥാപനം ആരംഭിയ്ക്കുന്ന തീയതി, കിടയ്ക്കകളുടെ എണ്ണം, ജോലി നോക്കുന്ന ജീവനക്കാരുടെ എണ്ണം, പരിശീലനം നൽകുന്ന വിഷയങ്ങൾ, പരിശീലന സൗകര്യങ്ങൾ, പരിശീലനാർഥികളുടെ എണ്ണം എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

വാർഷികകണക്കുകൾ പ്രകാരം ഈ ഇനത്തിലുള്ള വരവ് 9500 രൂപയാണ് .രജിസ്റ്ററിൽ ഡിമാന്റ്- കളക്ഷൻ- ബാലൻസ് വിവരങ്ങൾ ഉൾപ്പെടുത്തി സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

3)ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ

ഓഡിറ്റ് വർഷത്തിൽ 11 സ്ഥാപനങ്ങളുടെ അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കി.അപേക്ഷകൾ ഡിമാന്റ് രജിസ്റ്ററിലെ നമ്പർ പ്രകാരം നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല. വാർഷികകണക്കുകൾ പ്രകാരം ഈ ഇനത്തിൽ 2100രൂപ വരവുണ്ട്. രജിസ്റ്ററിൽ, ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ ഉൾപ്പെടുത്തി സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

4)ലോഡ്ജിംഗ് ലൈസൻസ് ഫീ

വാർഷികകണക്കുകൾ പ്രകാരം ലോഡ്ജിംഗ് ലൈസൻസ് ഫീ കളക്ഷൻ 40,000രൂപയാണ്. അപേക്ഷകൾ, ഡിമാന്റ് രജിസ്റ്ററിലെ നമ്പർ പ്രകാരം നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല. ലഭ്യമാക്കിയ മുഴുവൻ അപേക്ഷകളും രജിസ്റ്ററിൽ, പോസ്റ്റ് ചെയ്യുകയോ ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ ഉൾപ്പെടുത്തി സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾ പരിഹരിയ്ക്കേണ്ടതും അപാകതകൾ ആവർത്തിയ്ക്കാതിരിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതുമാണ്.

(അപാകതകൾ സംബന്ധിച്ച് 32 /18.1.2020ഓഡിറ്റ് അന്വേഷണം നൽകിയിട്ടുണ്ട്)

## 1-18 വാടക ഈടാക്കിയില്ല.

2018-19 വർഷത്തിൽ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള വിവിധ കടമുറികൾ ലേലം കൊണ്ട, താഴെ പറയുന്ന വാടകക്കാരിൽ നിന്നും മുഴുവൻ വാടകയും ഈടാക്കിയിട്ടില്ല. ഈടാക്കാൻ അവശേഷിയ്ക്കുന്ന തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| **ക്രമനം.** | **വാടകക്കാരന്റെ പേര്** | **റൂം നമ്പർ** | വാടക | വാടക അടയ്ക്കാൻ അവശഷിയ്ക്കുന്ന മാസം | **കുടിശ്ശിക ബാക്കി** |
|---|---|---|---|---|---|
| 1 | പഞ്ജിളി അബ്ദുൾ റഹീം | വെജ്.സ്റ്റാൾ -15 (5118) | 1575 | 3/2019 | 18,59 (1575+284സർവ്വീസ് ടാക്സ് 18%) |
| 2 | കായംപുളാത്തിൽ സജാദ് | നം. ലൈമൺ സ്റ്റാൾ -39D | 1050 | 4/2018-3/2019 | 14,868 1050*12+189*12 (സർവ്വീസ് ടാക്സ് 18%) |
| 3 | ടി. ഇ . ഹംസ | റൂംനം.എം13 (9109) | 4410 | 7/2018-3/2019 | 46,836 4410*9+794*9 (സർവ്വീസ് ടാക്സ് 18%) |
| 4 | മച്ചിഞ്ചേരി | മീറ്റ് സ്റ്റാൾ 11 | 2205 | 1-3/2019 | 7,806 |

| | | | | | |
|---|---|---|---|---|---|
| | മുഹമ്മദ് കുട്ടി | | | | 2205*3+397*3 (സർവ്വീസ് ടാക്സ് 18%) |

**ആകെ 71,369/-**

ഈടാക്കാൻ അവശേഷിയ്ക്കുന്ന വാടക പലിശ സഹിതം ഈടാക്കി അറിയിക്കുന്നതിനായി നൽകിയ 16/16.1.2020നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻവർഷങ്ങളിൽ കുടിശ്ശിക വരുത്തിയവർക്ക് വീണ്ടും കടമുറികൾ അനുവദിച്ചു നൽകിയത് ക്രമപ്രകാരമല്ല. കുടിശ്ശിക ഇൗടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 തൊഴിൽനികുതി : അപാകതകൾ

കോട്ടയ്ക്കൽ നഗരസഭയിൽ 2018-19വർഷത്തെ തൊഴിൽനികുതിയുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രജിസ്റ്ററുകളും റിട്ടേൺ ഫയലുകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

1) രജിസ്റ്ററുകളുടേയും അർദ്ധ വാർഷിക റിട്ടേണുകളുടേയും സൂക്ഷിപ്പിലെ അപാകതകൾ

A)സ്ഥാപനരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2005ലെ കേരള മുനിസിപ്പാലിറ്റി ( തൊഴിൽനികുതി)ചട്ടങ്ങളിലെ ചട്ടം8പ്രകാരം തൊഴിൽനികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ നഗരസഭാ പരിധിയിലുള്ള മുഴുവൻ ഓഫീസുകളുടേയും സ്ഥാപനങ്ങളുടേയും വിവരങ്ങൾ ഉൾപ്പെടുത്തിയ സ്ഥാപനരജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതും ആയതു പ്രകാരം തൊഴിൽനികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ ചട്ടപ്രകാരമുള്ള കൃത്യമായ ഒരു സ്ഥാപനരജിസ്റ്റർ എഴുതിസൂക്ഷിച്ചിട്ടില്ല.

B)ഡിമാന്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

മേൽ ചട്ടം10പ്രകാരം തൊഴിൽനികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ ഓരോ സ്ഥാപനത്തിനും പ്രത്യകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡു തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ 2018-19വർഷത്തിലും തൊഴിൽനികുതിയ്ക്ക് ഡിമാന്റ് രജിസ്റ്റർ, കൃത്യമായി എഴുതിസൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിൽ വിവരങ്ങൾ യഥാവിധി രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല. ജീവനക്കാരുടേയും വ്യാപാരസ്ഥാപനങ്ങളുടേയും നികുതി പിരിച്ചെടുത്തതിന്റെ വിവരങ്ങൾ പ്രത്യകമായി എഴുതുകയോ സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ കളക്ഷൻ വിവരങ്ങളുടെ കൃത്യത പരിശോധിയ്ക്കാനായിട്ടില്ല.

C)**അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല.**

വാർഷികകണക്കുപ്രകാരം തൊഴിൽനികുതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| | ജീവനക്കാർ | വ്യാപാരസ്ഥാപനങ്ങൾ | ആകെ |
|---|---|---|---|
| ഡിമാന്റ് | 9626960 | 2147918 | 11774878 |
| കളക്ഷൻ | 9511310 | 2147918 | 11659228 |

നഗരസഭയിൽ നികുതി കുടിശ്ശിക വിവരം രേഖപ്പെടുത്തുന്നതിന് നാളിതുവരെയായി അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാർഷികകണക്കുപ്രകാരം മുൻവർഷ കുടിശ്ശിക94,69,237രൂപയും, ജീവനക്കാരുടെ തൻവർഷ തൊഴിൽനികുതി 115650രൂപയും ഈടാക്കാനവശേഷിയ്ക്കുന്നുണ്ട്. കുടിശ്ശിക ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**D)ട്രേഡ്ഡേഴ്സ് ലിസ്റ്റ് പൂർത്തിയാക്കിയില്ല.**

2018-19 വാർഷികറിപ്പോർട്ടുപ്രകാരം 32വാർഡുകളിലായി 1977 വ്യാപാരസ്ഥാപനങ്ങൾക്ക് നഗരസഭ ഡി & ഒ ലൈസൻസ് നൽകിയിട്ടുണ്ട്. ഇതിൽ4വാർഡുകളുടെ ട്രേഡ്ഡേഴ്സ് ലിസ്റ്റ് മാത്രമാണ്

പരിശോധനയ്ക്ക് ഹാജരാക്കിയത്. ലിസ്റ്റ് മുഴുവനായും പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസ് നൽകിയ സ്ഥാപനങ്ങളിൽനിന്നും ആനുപാതികമായ തൊഴിൽനികുതിയും ടേൺ ഓവറനുസരിച്ചുള്ള സ്ഥാപന തൊഴിൽനികുതിയും ഈടാക്കിയിട്ടുണ്ടോ എന്നതു സംബന്ധിച്ച വിവരം പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല.

**E)അർദ്ധ വാർഷിക റിട്ടേണുകൾ മുഴുവനായും ഹാജരാക്കിയില്ല.**

ജീവനക്കാരുടെയും വ്യാപാരസ്ഥാപനങ്ങളുടേതുമുൾപ്പെടെ ആകെ ഹാജരാക്കിയ 318 അർദ്ധ വാർഷികറിട്ടേണുകളിൽ പല സ്ഥാപനങ്ങളുടേയും 2 അർദ്ധ വർഷങ്ങളിലേയും റിട്ടേണുകൾ മുഴുവനായും ലഭ്യമാക്കിയിട്ടില്ല. മുഴുവൻ റിട്ടേണുകളും ഡിമാന്റ് രജിസ്റ്ററിലെ നമ്പർ പ്രകാരം ക്രമമായി നമ്പറിട്ട് പരിശോധനയ്ക്ക ഹാജരാക്കാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

തൊഴിൽനികുതിയുമായി ബന്ധപ്പെട്ട രജിസ്ററുകളുടേയും അനുബന്ധ ഫയലുകളുടേയും പരിപാലനത്തിലെ അപാകത മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടും ഓഡിറ്റ് വർഷത്തിലും ഇതേ അപാകതകൾ തുടർന്നത് ക്രമപ്രകാരമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**2)**ഡിമാന്റ് രജിസ്റ്ററുകൾ, ട്രൈഡേഴ്സ് ലിസ്റ്റ് ,അർദ്ധ വാർഷിക റിട്ടേണുകൾ എന്നിവ മുഴുവനായും ഹാജരാക്കിയില്ലാത്തതിനാൽ നഗരസഭയ്ക്കുകീഴിലുള്ള ചുവടെ കൊടുത്തിരിയ്ക്കുന്ന വിഭാഗങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരം പരിശോധിയ്ക്കാനായിട്ടില്ല. ഈ വിഭാഗക്കാരിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ബന്ധപ്പെട്ട രേഖകളുടെ പകർപ്പു സഹിതം ലഭ്യമാക്കേണ്ടതാണ്.

1)നഗരസഭയുടെ മരാമത്തു പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ കരാർ ജീവനക്കാർ

2)സെക്യൂരിറ്റി ജീവനക്കാർ

3)ഡ്രൈവർമാർ

4)അഭിഭാഷകർ

5)ഓഡിറ്റോറിയങ്ങൾ

6)റേഷൻ കടകൾ

അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയില്ല

ലഭ്യമാക്കിയ കണക്കുകൾ പ്രകാരം നഗരസഭാ പരിധിയിൽ 13 റേഷൻകടകൾ പ്രവർത്തിയ്ക്കുന്നുണ്ട്. എന്നാൽ ലൈസൻസ് ഫീ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയതായി കാണുന്നില്ല. 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും സ്ഥാപനങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടം 3(2) പട്ടിക 11 ക്രമ. നം. 54 പ്രകാരം, റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയെയും ലൈസൻസ് ഫീ ഈടാക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.ലൈസൻസ് ഫീ ഈടാക്കിയതിന്റെ വിവരം സംബന്ധിച്ച് 2/9.1.2020 നമ്പറായി നൽകിയ ഓഡിററ് എൻക്വയറിയ്ക്കു മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭാ പരിധിയിലുള്ള മുഴുവൻ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 സ്കോളർഷിപ്പ് വിതരണം- ഭിന്നശേഷിക്കാരുടെ ഡാറ്റാ രജിസ്റ്റർ തയ്യാറാക്കണം

നിർവ്വഹണം: പ്രിൻസിപ്പാൾ, ഹയർ സെക്കന്ററി സ്കൂൾ

ശാരീരികവും മാനസ്സികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണമെന്ന പ്രോജക്റ്റിന്റെ (113/19) ഭാഗമായി നഗരസഭാ പരിധിയിലുള്ള ഭിന്നശേഷിക്കാരായ 117വിദ്യാർത്ഥികൾക്ക് ഒരു വർഷത്തേക്ക് അർഹമായ വിദ്യാഭ്യാസ സ്കോളർഷിപ്പും ബത്തയും ഇനത്തിൽ 25,98,800 രൂപ അനുവദിച്ചിട്ടുണ്ട്. വികസന ഫണ്ട് (25.94ലക്ഷം), തനത് ഫണ്ട് (4576രൂപ) വിഹിതം ഉൾപ്പെടുത്തിയാണ് പ്രോജക്റ്റ് നടപ്പിലാക്കിയത്. പദ്ധതി നടത്തിപ്പിന്റെ മുന്നോടിയായി ഗുണഭോക്താക്കളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളെ അടിസ്ഥാനമാക്കി ലിസ്റ്റ് തയ്യാറാക്കുന്നുണ്ടെങ്കിലും പഠനം നടത്തുന്ന സ്ഥാപനം, പ്രായം, വൈകല്യത്തിന്റെ സ്വഭാവം തുടങ്ങി അവശ്യമായ വിവരം ഇതിൽ രേഖപ്പെടുത്തുന്നില്ലായെന്ന് കാണുന്നു. വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ ഒരു ഡാറ്റാ ബേസ് നഗരസഭാ തലത്തിൽ തയ്യാറാക്കാനും കാലാകാലങ്ങളിൽ സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കാലികമായി സൂക്ഷിക്കാനും നിർദ്ദേശമുള്ളതാണ്. നഗരസഭയിൽ ഭിന്നശേഷി വിഭാഗക്കാരുടെ വാർഡ് തലത്തിലുള്ള സർവ്വേ പൂർത്തിയാക്കി ആയതിലെ വിവരം ക്രോഡീകരിച്ച് കൗൺസിൽ പരിശോധിച്ച് രജിസ്റ്ററായി സൂക്ഷിച്ചിട്ടില്ല. 17.08.16ലെ 2465/2016/തസ്വഭവ നമ്പർ ഉത്തരവിലും ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശിച്ചതാണ്. ഭിന്നശേഷിക്കാരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

18 വയസ്സിന് മുകളിലുള്ള 40 ൽ അധികം ഭിന്നശേഷിക്കാരായവർക്ക് ധനസഹായ വിതരണം ചെയ്തിട്ടുണ്ട്. കുടുംബശ്രീ, സാമൂഹ്യ നീതി വകുപ്പ് എന്നിവയുടെ സഹായത്തോടെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് ബഡ്സ് സ്കൂളുകൾ എന്ന പേരിൽ സ്പെഷ്യൽ സ്കൂളുകൾ, 18 വയസ്സിന് മുകളിലുള്ളവർക്കായി റീഹാബിലിറ്റേഷൻ സെന്റർ എന്നിവ സ്ഥാപിക്കാൻ നിർദ്ദേശമുള്ളതാണ്. നഗരസഭ 15 ാം വാർഡിൽ കൂരിയാട് ഭാഗത്ത് നഗരസഭ ഉടമസ്ഥതയിലുള്ള 15 സെന്റ് സ്ഥലത്ത് ബഡ്സ് സ്കൂളിനുള്ള കെട്ടിട നിർമ്മാണം പൂർത്തിയാകാത്തതിനാൽ സ്കൂൾ ആരംഭിച്ച ശേഷമുള്ള പ്രാരംഭപ്രവർത്തനങ്ങൾക്കായി കുടുംബശ്രീ മിഷൻ അനുവദിച്ച 12.5 ലക്ഷം രൂപ വിനിയോഗിച്ചിട്ടില്ല. ബഡ്സ് സ്കൂൾ തുടങ്ങുന്ന പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കി 18 വയസ്സിന് മുകളിലുള്ളവർക്കായി റീഹാബിലിറ്റേഷൻ സെന്റർ സ്ഥാപിക്കാനുള്ള നിർദ്ദേശവും നടപ്പിലാക്കാൻ നടപടിയുണ്ടാവേണ്ടതാണ്.

നഗരസഭയിൽ നിന്നും ധനസഹായം അനുവദിക്കുന്ന ഭിന്നശേഷി വിഭാഗക്കാർ പഠിക്കുന്ന മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ചിൽഡ്രൻ വിത്ത് സ്പെഷ്യൽ നീഡ്സ് പുത്തൂർ, മനോവികാസ് മെന്റലി റിട്ടാർഡഡ് സ്പെഷ്യൽ സ്കൂൾ പുതുപറമ്പ് തുടങ്ങിയ മുഴുവൻ സ്ഥാപനങ്ങളിലും 2016ലെ ഭിന്നശേഷി വ്യക്തികളുടെ അവകാശ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള രജിസ്ട്രേഷൻ, പുതുക്കൽ നടപടികൾ സ്വീകരിക്കുന്നുവെന്നും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നുവെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-22 വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമല്ല.

മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(കൈ) നം.17/2018 ത സ്വഭവ തിയതി.2-2-2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ മാർഗ്ഗരേഖ ഖ.3-12 (എ )പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമെങ്കിൽ പുന:സംഘടിപ്പിക്കുകയും നഗരസഭകളിൽ അനിവാര്യമായ 15 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽ നോട്ടത്തിൽ പ്രവർത്തിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 10 മുതൽ 15 വരെ അംഗങ്ങൾ അതാത് വികസനമേഖലയിലെ വിദഗ്ദരുൾപ്പടെ ഓരോ വർക്കിംഗ് ഗ്രൂപ്പിലും ഉണ്ടാകേണ്ടതാണ്.വർക്കിംഗ് ഗ്രൂപ്പിന്റെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്നായിരിക്കണമെന്നും വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ കൺവീനറുടെ ഹാജർ നിർബന്ധമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഖ.3-2( ബി ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ

ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. വികസനമേഖലയുമായി ബന്ധപ്പെട്ട് പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വിഷയമേഖലയുമായി ബന്ധപ്പെട്ട് സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക, വാർഡ് സഭായോഗങ്ങൾ, വികസനസെമിനാർ എന്നിവിടങ്ങളിലെ ചർച്ചകൾക്ക് അക്കാഡമിക് സഹായവും നേതൃത്വവും നൽകുക എന്നിവയെല്ലാം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകളിൽപ്പെടുന്നു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുകയും കഴിഞ്ഞ 20 വർഷത്തെ അനുഭവങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണകളോടെ പ്രോജെക്ട് തയ്യാറാക്കുകയും കരട് പദ്ധതിരേഖയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ പദ്ധതി രേഖ തയ്യാറാക്കുകയും ചെയ്യുക എന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽപ്പെടുന്നു. പ്രോജെക്ട് നടപ്പാക്കിയതിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ചുചേർക്കൽ, മിനുട്ട്സ് രേഖപ്പെടുത്തൽ, മിനുട്ട്സ് ബുക്ക് സൂക്ഷിക്കൽ,രേഖകൾ കൃത്യമായി സൂക്ഷിക്കുകയും കൈമാറുകയും ഉൾപ്പടെയുള്ളവ വർക്കിംഗ് ഗ്രൂപ്പ് കൺവീനറുടെ ചുമതലയാണ്.

കോട്ടയ്ക്കൽ നഗരസഭയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്ട്സ് പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | യോഗങ്ങളുടെ എണ്ണം | കുറിപ്പുകൾ |
|---|---|---|---|
| 1 | പൊതുഭരണവും ധനകാര്യവും | 3 | ഒന്നാമത്തെയും മൂന്നാമത്തെയും യോഗങ്ങൾ ക്വാറം തികഞ്ഞിട്ടില്ല. ഒന്നും രണ്ടും യോഗങ്ങൾ തീരുമാനങ്ങൾ രേഖപ്പെടുത്തി കൺവീനർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 2 | കൃഷി | 2 | ഒന്നാമത്തെ യോഗം കൺവീനർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. രണ്ടാമത്തെ യോഗത്തിൽ തീരുമാനങ്ങൾ രേഖപ്പെടുത്തി കൺവീനർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 3 | മൃഗസംരക്ഷണം | 1 | അപാകതകളില്ല. |
| 4 | പ്രാദേശിക സാമ്പത്തിക വികസനം | 2 | ഒന്നാമത്തെ മീറ്റിംഗിൽ തീരുമാനങ്ങൾ രേഖപ്പെടുത്തി കൺവീനർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.<br>ക്വാറം തികയാതെയാണ് രണ്ടാമത്തെ മീറ്റിംഗ് ചേർന്നിട്ടുള്ളത്. ഒരു തീരുമാനം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| 5 | ദാരിദ്ര്യ ലഘൂകരണം | 2 | രണ്ടാമത്തെ മീറ്റിംഗ് ക്വാറം തികയാതെയാണ് ചേർന്നിട്ടുള്ളത്. |
| 6 | സാമൂഹ്യനീതി | 3 | ഒന്നാമത്തെ മീറ്റിംഗിൽ തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.ഒന്നും രണ്ടും മീറ്റിംഗുകൾ |

| | | | |
|---|---|---|---|
| | | | കൺവീനർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 7 | വനിതാവികസനം | 2 | ഒന്നാമത്തെ മീറ്റിംഗ് കൺവീനർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 8 | പട്ടികജാതി പട്ടികവർഗ്ഗം | 2 | രണ്ടാമത്തെ മീറ്റിംഗിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ കാണുന്നില്ല. |
| 9 | ആരോഗ്യം | 2 | രണ്ട് മീറ്റിംഗുകളിലും തീരുമാനങ്ങൾ രേഖപ്പെടുത്തി കണ്ടവീനർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 10 | ശുചിത്വം,മാലിന്യസംസ്കരണം | 2 | ഒന്നാമത്തെ യോഗത്തിൽ തീരുമാനങ്ങൾ രേഖപ്പെടുത്തി കൺവീനർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. രണ്ടാമത്തെ യോഗം ക്വാറം തികയാതെയാണ് ചേർന്നിട്ടുള്ളത്. |
| 11 | വിദ്യാഭ്യാസം,കായികം യുവജനക്ഷേമം | 3 | ഒന്നാമത്തെ യോഗത്തിൽ യോഗം നടന്ന തീയതി, തിരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. രണ്ടാമത്തെ യോഗത്തിൽ തീരുമാനങ്ങൾ രേഖപ്പെടുത്തി കണ്ടവീനർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. . സ്ക്കൂളദ്ധ്യാപകരുടെ ഒരു യോഗം വിളിച്ചുവെങ്കിലും തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| 12 | പാർപ്പിടം | 1 | അപാകതകളില്ല. |
| 13 | കുടിവെള്ളം | 2 | ഒന്നാമത്തെ മീറ്റിംഗ് കൺവീനർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. രണ്ടാമത്തെ മീറ്റിംഗിൽ തീരുമാനങ്ങൾ രേഖപ്പെടുത്തി കൺവീനർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 14 | പൊതുമരാമത്ത്,ഊർജ്ജം | 2 | ഒന്നാമത്തെയും രണ്ടാമത്തെയും യോഗങ്ങളിൽ തീരുമാനങ്ങൾ രേഖപ്പെടുത്തി കൺവീനർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 15 | നഗരാസൂത്രണം | 1 | തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| | | | കൺവീനർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |

അപാകതകൾ

1കാറം തികയാതെയാണ് പല യോഗങ്ങളും ചേർന്നിട്ടുള്ളത്.

2 വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സുകൾ തീരുമാനങ്ങൾ രേഖപ്പെടുത്തി കൺവീനർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3 മിക്ക വർക്കിംഗ് ഗ്രൂപ്പുകളിലും കാര്യക്ഷമമായി ചർച്ച നടക്കുകയോ ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞുവരികയോ ചെയ്യുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന രേഖകളിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്ന തീതിയിൽ വേണം പ്രോജെക്ടുകൾ തയ്യാറാക്കേണ്ടത്.

4 കൺവീനർമാർ എല്ലാ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും പങ്കെടുക്കുന്നില്ല.

5 സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനയ്ക്ക ലഭ്യമാക്കിയില്ല.

6 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ പ്രോജെക്ട് ഫയലിനോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്തിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 എസ് സി വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ്-അപാകതകൾ

| | |
|---|---|
| വർഷം | 2018-19 |
| പ്രോജെക്ട്നമ്പർ | 25/18-19 |
| പ്രോജെക്ടിന്റെ പേര് | എസ് സി വിദ്യാർതഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് |
| അടങ്കൽ | 6,60,000 വികസനഫണ്ട് |
| ചെലവ് | 6,25,000 |
| ബിൽ നമ്പർ /തീയതി | 2/18-19 തി. 21-1-19 5,90,000 രൂപ<br>3/18-19 തി. 15-3-19 35,000 രൂപ |
| നിർവഹണഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

മേൽ പ്രോജെക്ട് പ്രകാരം താഴെ പറയുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.

| ക്രമനമ്പർ | പേര്,മേൽവിലാസം | പഠിക്കുന്ന സ്ഥാപനം | കോഴ്സ് | നൽകിയ തുക |
|---|---|---|---|---|
| 1 | ഹരികൃഷ്ണൻ എ പി<br>ആറ്റുപുറത്തു വീടി<br>കുറ്റിപ്പുറം പി ഒ<br>കോട്ടയ്ക്കൽ | എൻ ടി ടി എഫ്<br>ടെക്നിക്കൽ ട്രെയിനിംഗ് സെന്റർ തലശ്ശേരി | കമ്പ്യൂട്ടർ എഞ്ചിനീയറിംഗിൽ മൂന്നുവർഷ ഡിപ്ലോമ | 25,000 |
| 2 | സന്ദീപ് കൊട്ടേക്കാട്<br>കോട്ടൂർ | ഐ ലിയേൺ ഐ എ എസ് | ഐ എ എസ് കോച്ചിംഗ് | 5000 |

| | | | | |
|---|---|---|---|---|
| | കോട്ടയ്ക്കൽ | കോച്ചിംഗ് സെന്റർ തിരുവനന്തപുരം | | |
| | ആകെ | | | 25,000 |

സ ഉ (കൈ) നം 22/2018/ ത സ്വ ഭ വ തി. 14-2-18 സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം ക്രമനമ്പർ ഒന്നിന് എഞ്ചിനീയറിംഗ് ഡിപ്ലോമയായതിനാൽ 20,000 രൂപയാണ് അനുവദിക്കാവുന്നത്. ക്രമനമ്പർ രണ്ട് സർക്കാർ മേഖലയിലുള്ള ഐ എ എസ് എൻട്രൻസ് കോച്ചിംഗ് അല്ല എന്നുകാണുന്നു.സർക്കാർ മേഖലയിലുള്ള എൈ.എ.എസ്. എൻട്രൻസ് കോച്ചിംഗിനു മാത്രമെ മാർഗ്ഗരേഖ പ്രകാരം ധനസഹായം അനുവദിക്കാൻ പാടുള്ളൂ. സ.ഉ.(കൈ )നം.11/2018 ത.സ്വ.ഭ.വ.തീയതി 29-01-2018 പതിമൂന്നാം പഞ്ചവത്സര പദ്ധതി (അവശേഷിക്കുന്ന വാർഷിക പദ്ധതികൾ) പദ്ധതി മാർഗ്ഗരേഖയിൽ ഇത് വ്യക്തമാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നമ്പർ 5/10-1-2020 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എൻക്വയറിക്ക് നൽകിയ മറുപടിയിൽ ക്രമനമ്പർ 1 എഞ്ചിനീയറിംഗ് ബിരുദത്തിനാണ് പഠിക്കുന്നതെന്ന അനുമാനത്തിലും ക്രമനമ്പർ 2 സാമ്പത്തികമായും സാമൂഹികമായും വളരെ പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥിയായതിനാലും ആണ് തുക അനുവദിച്ചതെന്നും പരാമർശിച്ചിട്ടുണ്ട്. ഇത്തരം അപാകതകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല.

2018-19 വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവഹണഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രോജെക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലേക്ക് പണം നൽകിയിട്ടുണ്ട്.

| ക്രമനമ്പർ | പ്രോജെക്റ്റ് നമ്പർ | പ്രോജെക്റ്റിന്റെ പേര് ഫണ്ട് | അനുവദിച്ച തുക | ബിൽ നമ്പർ / തിയതി | ലഭ്യമായ മരുന്നിന്റെ വില | ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|---|
| 1 | 2/18-19 | സിഎച്ച്സിയിലേക്ക് മരുന്ന്, ലാബ് റിയാജന്റ്സ് വാങ്ങൽ | 162000 | 8/18-19 തി. 27-7-18<br>14/18-19 തി. 26-10-18<br>25/18-19 തി. 16-1-19 | 142549 | 19451 |
| 2 | 5/18-19 | കിടപ്പിലായ രോഗികൾക്ക് പരിചരണം-പാലിയേറ്റിവ് കെയർ | 60000 | 23/18-19 തി. 16-1-19 | 43149 | 16851 |
| | | | | | | 36302 |

ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതുവരെ 36302 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഇതു സംബന്ധിച്ച് നൽകിയ 6/10-1-2020 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ലഭ്യമാക്കാനുള്ള മരുന്നുകൾ അടിയന്തിര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## 1-25 പെൻഷൻ കോൺട്രിബ്യൂഷൻ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല

കേരള മുനിസിപ്പാലിററി കണ്ടിൻജന്റ് എംപ്ളോയീസ് (ഡെത്ത് -കം- റിട്ടയർമെന്റ് ബെനഫിററ്) ചട്ടങ്ങൾ 1997 (ജി.ഒ.(പി)96/97/എൽ.എ.ഡി തീ.3.5.1997), പ്രകാരം എല്ലാ ഫുൾ ടൈം കണ്ടിജന്റ് എംപ്ളോയീസിന്റേയും പ്രതിമാസ മൊത്തം വേതനത്തിന്റെ 15% തുക അതത് മാസത്തെ കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള ബില്ലിനൊപ്പം പിൻവലിച്ച് ശമ്പളം മാറുന്ന ദിവസം തന്നെ ട്രഷറി സേവിംഗ്സ് ബാങ്കിൽ മുനിസിപ്പൽ കണ്ടിൻജന്റ് എംപ്ളോയീസ് പെൻഷൻ ഫണ്ട് എന്ന പേരിൽ സൂക്ഷിക്കേണ്ടതാണ്. ഇങ്ങനെ രൂപീകരിക്കുന്ന പെൻഷൻ ഫണ്ട് വകമാററി ചെലവഴിക്കാനും പാടില്ലാത്തതാണ്. എന്നാൽ കോട്ടക്കൽ മുനിസിപ്പാലിററി 1.11.2010 മുതൽ നിലവിൽ വന്നെങ്കിലും ഓഡിററ് തീയതി വരെയും അത്തരത്തിൽ ഒരു അക്കൗണ്ട് തുടങ്ങി മുനിസിപ്പൽ കണ്ടിജന്റ് എംപ്ളോയീസ് പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല. നിലവിൽ 6 കണ്ടിൻജന്റ് ജീവനക്കാർ നഗരസഭയിൽ ജോലി ചെയ്തു വരുന്നുണ്ട്. കണ്ടിൻജന്റ് ജീവനക്കാരുടെ ശമ്പള ബില്ലിൽ മൊത്തം വേതനത്തിന്റെ 15% പെൻഷൻ അംശദാനമായതിനാൽ ഫണ്ടിൽ നിന്ന് അവർക്ക് നൽകേണ്ട വേതനം മാത്രമാണ് പിൻവലിക്കുന്നത്. ആകയാൽ കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ അംശദാനമിനത്തിൽ മുനിസിപ്പൽ ഫണ്ടിൽ പിൻവലിക്കാതെ സൂക്ഷിച്ച നാളിതുവരെയുള്ള കണ്ടിൻജന്റ് പെൻഷൻ അംശദാനത്തുക മുഴുവനും കണക്കാക്കി മുനിസിപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണ്. ഇതിനായി ഒരു രജിസ്റ്റർ സൂക്ഷിച്ച് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം സൂചിപ്പിച്ചിരുന്നെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/17.01.2020) മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 ദിവസ വേതനം അധിക നിരക്കിൽ നൽകി

ദിവസവേതനക്കാരുടെ വേതന നിരക്കുകൾ പരിഷ്കരിച്ചുകൊണ്ട് ഇറക്കുന്ന സർക്കാർ ഉത്തരവുകളിൽ മാസത്തിൽ അനുവദിക്കാവുന്ന ഉയർന്ന വേതന പരിധിയും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ജീവനക്കാർക്ക് ഉയർന്ന പരിധിയിലും കൂടുതൽ ദിവസ വേതനം അനുവദിച്ചതായി കാണുന്നു.

| ക്രനം | വൗച്ചർ നമ്പർ/ തിയ്യതി | ജീവനക്കാരന്റെ പേര്/ തസ്തിക | അനുവദിച്ച വേതനം | അനുവദിക്കാവുന്ന വേതനം | അധികമായി അനുവദിച്ച വേതനം | വേതനം നിശ്ചയിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് |
|---|---|---|---|---|---|---|
| 1 | 21800020/ 04.04.18 | നിതീഷ് പി (Second grade Overseer) | 19880 (28@710) | 19850 | 30 | G.O(P)56/Fin., dated 28-4-17 |
| 2 | 21800020/ 04.04.18 | ഷംനാസ് എ (Second grade Overseer) | 19880 (28@710) | 19850 | 30 | G.O(P)56/Fin., dated 28-4-17 |
| 3 | 21800023/ 04.04.18 | അബ്ദുൾ ഹഖ് (DLR Data Entry) | 19880 (28@710) | 19850 | 30 | G.O(P)56/Fin., dated 28-4-17 |
| 4 | 21801213/ 20.02.19 | കൃഷ്ണൻ (CLR Worker) | 18060 (28@645) | 17420 | 640 | G.O(P)112/Fin., dated 21-7-18 |
| 5 | 21801214/ 20.02.19 | വിജയൻ എ ഡി (DLR Driver) | 19600 (28@700) | 18900 | 700 | G.O(P)112/Fin., dated 21-7-18 |
| | | | | ആകെ | 1430 | |

അധിക തുക അനുവദിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/16.01.2020) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക തിരികെ

ഈടാക്കുകയോ ക്രമീകരിക്കുകയോ ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-27 നഗരസഭയിലെ വാഹനങ്ങളുടെ പരിപാലനം - അപാകതകൾ

നഗരസഭയിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ തിയ്യതി | തുക | വാഹന നമ്പർ |
|---|---|---|---|
| 1 | 21800148/24.05.2018 | 11550 | KL 55 R 9145 |
| 2 | 21800402/02.08.2018 | 41951 | KL 55 J 56 |
| 3 | 21800587/25.09.2018 | 14300 | KL 55 M 3414 |
| 4 | 21800747/07.11.2018 | 58583 | KL 55 M 3414 |
| 5 | 21801164/05.02.2019 | 10474 | KL 55 M 3414 |
| 6 | 21801212/15.02.2019 | 27200 | KL 55 R 9145 |
| 7 | 21801321/28.02.2019 | 49800 | KL 10 AG 3797 |

ജി ഒ (എം എസ്) 170/07 ത സ്വ ഭ വ 30.06.2007 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിപാലനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതു പ്രകാരം 2000/- രൂപയിൽ അധികരിക്കാത്ത മൈനർ സ്വഭാവത്തിലുള്ള റിപ്പയറോ അറ്റകുറ്റപ്പണിയോ പൊതു ക്വട്ടേഷൻ ഇല്ലാതെ തന്നെ ചെയർപേഴ്സന്റെ അനുമതിയോട് കൂടി ചെയ്യാവുന്നതാണ്. 2000/- രൂപക്ക് മുകളിലും പതിനായിരം രൂപ വരെയും ആണെങ്കിൽ ക്വട്ടേഷൻ അടിസ്ഥാനത്തിലല്ലാതെ സർക്കാരിന്റെ അംഗീകാരമുള്ള വർക്ക് ഷോപ്പ് മുഖേന കൗൺസിൽ അംഗീകാരത്തിന് വിധേയമായി ചെയ്യാവുന്നതാണ്. സർക്കാരിന്റെ അംഗീകാരമില്ലാത്ത വർക്ക് ഷോപ്പിലാണെങ്കിൽ ക്വട്ടേഷൻ മുഖേന ചെയ്യേണ്ടതാണ്. 10000 രൂപക്ക് മുകളിലുള്ള റിപ്പയർ വർക്ക് മത്സര സ്വഭാവമുള്ള ക്വട്ടേഷൻ വഴി കൗൺസിൽ അംഗീകാരത്തോടെ ചെയ്യേണ്ടതാണ്. വാഹനങ്ങളുടെ അറ്റകുറ്റപ്പണിയുടെ പ്രതീക്ഷിക്കുന്ന മതിപ്പ് ചെലവ് കസ്റ്റോഡിയൻ ഓഫീസറോ എഞ്ചിനീയറോ കണക്കാക്കേണ്ടതാണ്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണ് മേൽ റിപ്പയർ വർക്കുകൾ ചെയ്തിട്ടുള്ളത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ആറുമാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ക്ഷമത സംബന്ധിച്ച് ഒരു സാക്ഷ്യപത്രം ലഭ്യമാക്കി ലോഗ് ബുക്കിൽ സൂക്ഷിക്കേണ്ടതുമാണ്. ഇത്തരം നടപടി ക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/17.01.2020) മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ ഉത്തരവുകൾ പാലിച്ചുകൊണ്ട് വാഹനങ്ങളുടെ ഉപയോഗത്തിൽ നിയന്ത്രണങ്ങൾ വരുത്തേണ്ടതാണ്.

## 1-28 നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം വാങ്ങൽ - അപാകതകൾ

പ്രോജക്ട് നമ്പർ : 376/19(നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനം)

അടങ്കൽ : 1000000/- (തനത് ഫണ്ട്)

ചെലവ് : ചെക്ക് നമ്പർ : 300668/29.03.2019(1333881/-)

സ.ഉ (എം . എസ്)നം 22/2018/തസ്വഭവ തിയ്യതി 14.02.2018 (സബ്സിഡി മാർഗ്ഗരേഖ) ഖണ്ഡിക 8.11 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വാഹനം വാങ്ങുന്നതിന് മുൻകൂർ അനുമതി ആവശ്യമാണ്.

സ.ഉ(സാധാ)നം. 2528/2012 തസ്വഭവ തിയ്യതി 06.09.2012പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വാഹനം വാങ്ങുന്നതിനുള്ള പരിധി 10 ലക്ഷമായി നിശ്ചയിട്ടിട്ടുണ്ട്.

മേൽ പ്രോജക്ട് പ്രകാരം നഗരസഭയിലേക്ക് വാഹനം വാങ്ങുന്നതിന് 1000000/- അടങ്കലിൽ പ്രോജക്ട് രൂപീകരിക്കുകയും എന്നാൽ 1333881/- രൂപ ചെലവഴിക്കുകയും ചെയ്തതായി കാണുന്നു. (മേൽ ചെലവ് കൂടാതെ റോഡ് ടാക്സ് ഇനത്തിൽ 145173/- രൂപയും (ചെക്ക് നമ്പർ 300703/08.05.2019), ഇൻഷൂറൻസ് ഇനത്തിൽ 64556/- രൂപയും (ചെക്ക് നമ്പർ 300703/08.05.2019) ഈ വാഹനത്തിനായി ചെലവഴിച്ചിട്ടുണ്ട്.) പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വാഹനം വാങ്ങുന്നതിന് മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടില്ല.

2. പ്രോജക്ടിൽ അധികരിച്ച് തുക ചെലവഴിച്ചു.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കുന്നതു വരെ ചെലവു തുക തടസ്സം ചെയ്യുന്നു. (1333881/-)

## 1-29 വെള്ളക്കരം കൂടുതലായി അടവാക്കുന്നത് സംബന്ധിച്ച്

പ്രോജക്ട് നമ്പർ : 226/19(കേരളാ വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കൽ- സ്പിൽ ഓവർ പ്രോജക്ട്) (ബിൽ നമ്പർ 19/18-19/31.7.18 : 123516/-, ബിൽ നമ്പർ 31/18-19/01.12.18 : 61679/-)

: 09/19(കേരളാ വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കൽ-പുതിയ പ്രോജക്ട്) (ബിൽ നമ്പർ 32/18-19/301.12.2018 :308869/-,

മേൽ പ്രോജക്ടുകളിലായി 2017-18,18-19 വർഷങ്ങളിലേക്കായി വെള്ളക്കരം അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റി ഡിമാന്റ് നോട്ടീസ് പ്രകാരം 94 ടാപ്പുകൾക്കാണ് വെള്ളക്കരം അടവാക്കുന്നത്. 11/2018 വരെയുള്ള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് പ്രകാരമുള്ള ബില്ലുകളാണ് മേൽ പ്രോജക്ടുകൾ പ്രകാരം അടവാക്കിയിട്ടുള്ളത്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്താതെയാണ് ഈ തുക അടവാക്കിയിട്ടുള്ളത്. 27.06.2019 ൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയുടെ റിപ്പോർട്ട് നാളിതു വരെയായും ലഭ്യമാക്കിയിട്ടില്ല. നഗരസഭയുടെ റിപ്പോർട്ട് പ്രകാരം ആകെ 62 ടാപ്പുകളാണ് പരിശോധനയിൽ കണ്ടെത്താനായത്. അവയിൽ 17 ടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കേണ്ടവയും 19 എണ്ണം റിപ്പയർ ചെയ്യേണ്ടവയുമാണ്. നഗരസഭ അംഗീകരിച്ച ടി റിപ്പോർട്ട് വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ടെങ്കിലും ഉപയോഗയോഗ്യമായ ടാപ്പുകൾക്കുമാത്രം വെള്ളക്കരം ഡിമാന്റ് ചെയ്യുന്നതിനു പകരം തുടർന്നും 94 ടാപ്പുകൾക്ക് ഡിമാന്റ് ചെയ്യുന്നതായി കാണുന്നു. സംയുക്ത പരിശോധനാ റിപ്പോർട്ട് എത്രയും പെട്ടന്ന് ലഭ്യമാക്കി ഉപയോഗിക്കുന്ന ടാപ്പുകൾക്കുമാത്രമായി വെള്ളക്കരം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 പേ-റിവിഷൻ അരിയർ- കുടിശ്ശിക ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

2017-18 വർഷത്തിൽ G.O.(P) No.7/2016/Fin. Dated 20/01/2016പ്രകാരം സ്ഥിരം ജീവനക്കാരുടെ ശമ്പനിർണ്ണയവും G.O.(MS) No.118/2016/തസ്വഭവ.തിയ്യതി 17.08.2016 പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള നിർണ്ണയവും ചെയ്ത് നാലു ഗഡുക്കളായി കുടിശ്ശിക തുക നൽകിയിട്ടുണ്ട്. 2018-19 വർഷത്തിൽ താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം കുടിശ്ശിക തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 21800130/10.05.2018 | 113249 | കണ്ടിജന്റ് ജീവനക്കാരുടെ 2ാം ഗഡു തുക(6 പേർ) |
| 2 | 21800273/12.07.2018 | 107788 | കണ്ടിജന്റ് ജീവനക്കാരുടെ |

| | | | |
|---|---|---|---|
| | | | 3ാം ഗഡു തുക(6 പേർ) |
| 3 | 218001583/24.10.2018 | 103981 | കണ്ടിജന്റ് ജീവനക്കാരുടെ 4ാം ഗഡു തുക(6 പേർ) |
| 4 | 21800356/25.07.2018 | 89100 | സ്ഥിരം ജീവനക്കാരുടെ 3ാം ഗഡു തുക |
| 5 | 21800629/04.10.2018 | 434048 | സ്ഥിരം ജീവനക്കാരുടെ 4ാം ഗഡു തുക |

കുടിശ്ശിക തുക കൈപ്പറ്റിയെങ്കിലും ആനുപാതിക പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. തുക അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-31 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി: അപാകതകൾ

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ രേഖകളും ഫയലുകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1) ഈ പദ്ധതി പ്രകാരമുള്ള ചെലവുകളുടെ വൗച്ചറുകളും വർക്ക് ബില്ലുകളും, സാംഖ്യയിലെ ബാങ്ക് ബുക്കിലെ Payment Voucher ക്രമത്തിൽ നമ്പരിട്ട് ക്രമമായി ഫയൽ ചെയ്തു സൂക്ഷിക്കേണ്ടതാണ്.

2) വർക്ക് ഫയൽ, ബിൽ, അളവു പുസ്തകം തുടങ്ങിയ എല്ലാ രേഖകളും തുന്നിച്ചേർത്ത് ഫയൽ ചെയ്തു സൂക്ഷിക്കേണ്ടതാണ്.

3) 31-3-2019 ലെ, ഈ പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിന്റെ ( PNB Kottakkal Branch A/c No. 4297000100058196) ബാങ്ക് ബുക്ക് റീകൺസിലിയേഷൻ പ്രകാരമുള്ള താഴെപ്പറയുന്ന വ്യത്യാസങ്ങൾ വരവായും ചെലവായും രേഖപ്പെടുത്തി, റീകൺസിലിയേഷൻ പത്രികയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

(a) Directly Credited by Bank

Date : 30-Sept-2014

Amount : 180

(b) Directly Debited by Bank

Date : 31-July 2015 to 9 January 2019

Amount : 140.15

തൊഴിലുറപ്പ് പദ്ധതിയുടെ വരവു ചെലവു കണക്ക് താഴെപ്പറയുന്ന പ്രകാരമാണ്.

OB : 28,72,787.65

Rt : 51,47, 106.00

Total : 80,19,893.65

Pt : 32,31,936.80

CB : 47,87,956.85

(എന്നാൽ, Ahammed Sha & Company എന്ന ചാർട്ടേഡ് അക്കൗണ്ടന്റ് തയ്യാറാക്കിയതായി ഫയലിൽ ലഭ്യമാക്കിയ കണക്ക് താഴെപ്പറയുന്ന പ്രകാരമാണ്.

OB : 29,33,377.65

Rt : 51,47, 106.00

Total : 80,80,483.65

Pt : 31,61,387.80

CB : 49,19,095.85

ഇതിൽ മുന്നിരിപ്പായും നീക്കിയിരിപ്പായും കാണിച്ചിട്ടുള്ളത് പാസ് ബുക്കിലെ മുന്നിരിപ്പും നീക്കിയിരിപ്പുമാണെന്ന് കാണുന്നു. അതിനാൽത്തന്നെ ഇത് ശരിയായ കണക്കല്ല.)

4) പ്രവൃത്തിയുടെ TS രജിസ്റ്ററിൽ താഴെപ്പറയുന്ന കോളങ്ങളിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അവ രേഖപ്പെടുത്തേണ്ടതാണ്.

(a) പ്രവൃത്തി ആരംഭിച്ച തിയ്യതി

(b) പ്രവൃത്തി അവസാനിച്ച തിയ്യതി

(c) M Book വിവരങ്ങൾ etc

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

(അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 31/18-1-2020ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ എക്സിറ്റ് മീറ്റിങ്ങിൽ, ഇത്തരം അപാകതകൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. )

## 1-32 മരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട അപാകതകൾ

കോട്ടക്കൽ നഗരസഭയിലെ 2018-19 വർഷത്തെ മരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന അപാകതകൾ സെക്രട്ടറി, എഞ്ചിനിയർ എന്നിവരുടെ ശ്രദ്ധയിൽ പെടുത്തുന്നു.

1)മരാമത്തു പ്രൊജക്റ്റുകളുടെ ചെലവു ക്രമീകരണത്തിലെ അപാകത

നഗരസഭയിലെ മരാമത്തു പ്രൊജക്റ്റുകൾക്കായി തനതു ഫണ്ട് തുക വകയിരുത്തിയവയുടെ ചെലവു നടത്തുമ്പോൾ, പ്രവൃത്തിയുടെ ആകെ മൂല്യനിർണയത്തുക മുനിസിപ്പൽ എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക്, ട്രഷറി എന്നിവയിലെ താഴെപ്പറയുന്ന 2 അക്കൗണ്ടുകളിൽ ഒന്നിലേക്ക് മാറ്റുകയും, തുടർന്ന് എഞ്ചിനിയറിങ് വിഭാഗത്തിൽ നിന്നും, ആവശ്യമായ റിക്കവറികൾ നടത്തി കരാറുകാരനും മറ്റ് ഏജൻസികൾക്കും തുക നൽകുകയുമാണ് നിലവിൽ ചെയ്തു വരുന്നത്.

കോട്ടക്കൽ സബ് ട്രഷറി അക്കൗണ്ട് നം.799011400001303

SBI കോട്ടക്കൽ, കറന്റ് അക്കൗണ്ട് നം. 67335418465

ഇപ്രകാരം നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും ചെലവു വന്ന തുക അർഹമായ വ്യക്തികൾക്ക് ലഭിക്കതാരിക്കുകയോ യഥാസമയം അർഹമായ വ്യക്തിക്ക് കിട്ടാതിരിക്കുകയും, നികുതിയടക്കമുള്ള റിക്കവറികൾ ബന്ധപ്പെട്ട ഏജൻസികൾക്ക് ഒടുക്കുന്നതിൽ കാലതാമസം വരികയോ ചെയ്യുന്നതായി കണ്ടു. വിശദ വിവരങ്ങൾ ഖണ്ഡിക 1-40ൽ ചേർത്തിട്ടണ്ട്.

കൂടാതെ, മുനിസിപ്പൽ എഞ്ചിനിയറുടെ പേരിലുള്ള പ്രസ്തുത അക്കൗണ്ടുകളുടെ ബാങ്ക് ബുക്കോ, കാഷ് ബുക്കോ തയ്യാറാക്കുന്നില്ല എന്നതിനാൽ ടി അക്കൗണ്ടുകളിലെ തുകയുടെ യാതൊരു കണക്കും ലഭ്യവുമല്ല.

യഥാർത്ഥത്തിൽ, മരാമത്തു പ്രവൃത്തിയുടെ ബിൽ എഞ്ചിനിയറിങ് വിഭാഗത്തിൽ നിന്നും സമർപ്പിക്കപ്പെട്ടാൽ, പണം ലഭിക്കേണ്ട വ്യക്തികളുടെ അക്കൗണ്ടുകളിലേക്ക് മുനിസിപ്പൽ അക്കൗണ്ട്സ് സെക്ഷനിൽ നിന്നു തന്നെ നൽകുകയാണ് വേണ്ടത്. നഗരസഭയുടെ ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുക യഥാർത്ഥത്തിൽ ചെലവാകുന്നു എന്ന് ഉറപ്പു വരുത്താനും, റിക്കവറികൾ യഥാസമയം ഒടുക്കുന്നു എന്ന് ഉറപ്പു വരുത്താനും, ഒരേതരം സെക്ഷൻ വർക്ക് നഗരസഭയിലെ രണ്ടു ജീവനക്കാർ ആവർത്തിക്കേണ്ടിവരികയും ഇതു വഴി അനാവശ്യ കാലതാമസം ഉണ്ടാവാനിടയാകുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കാനും ഇപ്രകാരമാണ് ചെയ്യേണ്ടത്.

ക്രമപ്രകാരമല്ലാത്ത നടപടികൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക്/ ട്രഷറി അക്കൗണ്ടുകളുടെ കണക്ക് ലഭ്യമല്ല.

മുകളിൽ സൂചിപ്പിച്ച അക്കൗണ്ടുകളിലെ വരവു ചെലവു കണക്കുകൾ കാണിക്കുന്ന യാതൊരു രേഖയും നഗരസഭയോ, എഞ്ചിനിയറോ സൂക്ഷിക്കുന്നില്ല. നഗരസഭയുടെ വാർഷികകണക്കിലും അവ ഉൾപ്പെടുത്തിയിട്ടില്ല.

ടി അക്കൗണ്ടുകളിലെ വരവു ചെലവു രേഖപ്പെടുത്തിയ കാഷ് ബുക്ക് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3) എഞ്ചിനിയർ കാഷ് ബുക്ക്, പ്രൊജക്റ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കുന്നില്ല

എഞ്ചിനിയർ കാഷ് ബുക്കോ പ്രൊജക്റ്റ് രജിസ്റ്ററോ തയ്യാറാക്കിയിട്ടില്ല. ടി രജിസ്റ്ററുകൾ നഗരസഭ നൽകുകയും, എഞ്ചിനിയർ രേഖപ്പെടുത്തലുകൾ വരുത്തി തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

4) അളവു പുസ്തകങ്ങളുടെ നമ്പരിടുന്നതിലെ അപാകത

നഗരസഭയിലെ മരാമത്തു പ്രവൃത്തികൾക്കാവശ്യമായ അളവു പുസ്തകങ്ങൾ സെക്രട്ടറിയാണ് വാങ്ങുന്നതെങ്കിലും, അവയ്ക്ക് നമ്പരിടുന്നതും, ഇഷ്യൂ ചെയ്യുന്നതും സെക്രട്ടറിയല്ല. ഇതു മൂലം തൊഴിലുറപ്പു പദ്ധതിയിലും, മരാമത്തു പ്രൊജക്റ്റുകളിലും ഒരേ നമ്പരിലുള്ള അളവു പുസ്തകങ്ങൾ ഉപയോഗിച്ചതായി കാണുന്നു.

നഗരസഭയിലെ മരാമത്തു പ്രവൃത്തികൾക്കാവശ്യമായ അളവു പുസ്തകങ്ങൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും സെക്രട്ടറി വാങ്ങുകയും, നമ്പരിട്ട് സ്റ്റോക്കിലെടുക്കുകയും, ആവശ്യാനുസരണം ഇഷ്യൂ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

5) മരാമത്തു ഫയലുകൾ സൂക്ഷിക്കുന്നതിലെ അപാകത

നഗരസഭയിലെ മരാമത്തു ഫയലുകൾ സൂക്ഷിക്കുന്നത് ശരിയായ രീതിയിലല്ല. ചെലവു സംഭവിക്കുന്ന ക്രമത്തിൽ വൗച്ചർ നമ്പർ നൽകുകയും, വൗച്ചർ നമ്പർ ക്രമത്തിൽ ഫയൽ ചെയ്തു സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. ബന്ധപ്പെട്ട അളവു പുസ്തകങ്ങൾ അതാതു വൗച്ചറുകളോടൊപ്പം ടാഗ് ചെയ്തു ഫയൽ ചെയ്യുകയും ചെയ്യേണ്ടതാണ്.

ടി നിർദ്ദേശം തൊഴിലുറപ്പു പദ്ധതിയിലടക്കം എല്ലാ മരാമത്തു ഫയലിലും പാലിക്കേണ്ടതാണ്.

(അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21/16-1-2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ എക്സിറ്റ് മീറ്റിങ്ങിൽ ഇത്തരം അപാകതകൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. )

അപാകതകൾ പരിഹരിച്ച വിവരം അറിയിക്കേണ്ടതാണ്.

## 1-33 വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ,

ഫയൽ നമ്പർ- PW2-11038/17

നഗരസഭ മത്സ്യ മാർക്കറ്റിൽ മലിന ജല സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊജക്റ്റ് 30 ലക്ഷം രൂപയുടെ ഭരണാനുമതിയോടെ 2017-18 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിരുന്നു (പ്രൊജക്റ്റ് നമ്പർ-223/18) . പ്രൊജക്റ്റിന് ശുചിത്വ മിഷൻ 24 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട് (നം. 3761/ജി/2017/എസ്.എം. തി-23-2-2018) . പ്ലാന്റ് സ്ഥാപിക്കുന്നതിന് കോഴിക്കോട് റാം ബയോളജിക്കൽ എന്ന സ്ഥാപനം മുഖേന വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ പ്രൊജക്റ്റ് സ്പിൽഓവർ ആയി ഉൾപ്പെടുത്തുകയും (പ്രൊജക്റ്റ് നമ്പർ- 170/19) റാം ബയോളജിക്കൽ എന്ന സ്ഥാപനത്തിന് ഡി.പി.ആർ. തയ്യാറാക്കിയ വകയിൽ നൽകേണ്ട കൺസൾട്ടൻസി ചാർജിന്റെ 50% തുക-32434 രൂപ (നികുതികൾ കിഴിച്ച്) നൽകിയിട്ടുമുണ്ട്. (ബിൽ നമ്പർ- 23/22-11-2018, 32993 രൂപ)

25-1-2019 ന് പ്ലാന്റ് സ്ഥാപിക്കൽ പ്രവൃത്തി റീടെണ്ടർ ചെയ്തതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഷാരോൺ വാട്ടർ സൊല്യൂഷൻ, കോട്ടയം എന്ന സ്ഥാപനത്തെയാണ് പ്ലാന്റ് സ്ഥാപിക്കാൻ ഏൽപിച്ചത്. പ്രസ്തുത സ്ഥാപനവുമായി 14-2-2019 ന് നഗരസഭ കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്.

ശുചിത്വ മിഷന്റെ സാങ്കേതികാനുമതി രേഖയിലെ നിബന്ധനകൾ പ്രകാരം പ്ലാന്റിന്റെ 5 വർഷത്തെ OPERATION & Maintenance നടത്തേണ്ടത് പ്ലാന്റ് സ്ഥാപിക്കുന്ന ഏജൻസി തന്നെയാണ്. ഇപ്രകാരം സ്ഥാപനവുമായുള്ള കരാർ തുക ചുവടെ ചേർത്തിട്ടുള്ള വിധമാണ്.

| | |
|---|---|
| പ്ലാന്റ് സ്ഥാപിക്കുന്നതിന് | 2350000 |
| AMC രണ്ടാം വർഷം | 240000 |
| AMC മൂന്നാം വർഷം | 264000 |
| AMC നാലാം വർഷം | 290000 |
| AMC അഞ്ചാം വർഷം | 319000 |
| ആകെ | 3463000 |

എന്നാൽ മെഷിനറി ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെങ്കിലും നാളിതു വരെയായി പ്ലാന്റ് പ്രവർത്തനക്ഷമമാക്കുകയോ സ്ഥാപനത്തിന് ബിൽ തുക നൽകുകയോ ചെയ്തിട്ടില്ല.

സ്ഥാപനം സപ്ലൈ ചെയ്ത യന്ത്ര സാമഗ്രികളുടെ ഗുണനിലവാരം ക്ഷമതയുള്ള എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് സാക്ഷ്യപത്രം നൽകിയിട്ടില്ല. പ്ലാന്റ് പ്രവർത്തനക്ഷമമാക്കിയാൽ മാത്രമേ ഗുണമേൻമ സർട്ടിഫിക്കറ്റ് നൽകാനാവൂയെന്ന് കോഴിക്കോട്, എൻ.ഐ.ടി.യിൽ നിന്നും നഗരസഭയെ അറിയിച്ചിട്ടുണ്ട്. ഇക്കാരണത്താൽ സ്ഥാപനം ലഭ്യമാക്കിയ യന്ത്ര സാമഗ്രികൾ ഡി.പി.ആർ. ൽ നിർദ്ദേശിച്ച സ്പെസിഫിക്കേഷനിലുള്ളതാണോയെന്ന് നാളിതു വരെ പരിശോധനാ വിധേയമാക്കിയിട്ടില്ല. 16-1-2020 ന് ഓഡിറ്റ് ടീം സ്ഥല പരിശോധന നടത്തിയതിൽ നഗരസഭാ ഫിഷ് മാർക്കറ്റിനടുത്ത് പ്ലാന്റിനുള്ള ഉപകരണങ്ങൾ ഷെഡ് കെട്ടി അതിന് താഴെയായി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പ്ലാന്റ് ഇപ്പോഴും പ്രവർത്തനക്ഷമമാക്കിയിട്ടില്ല. മാസങ്ങളായി പ്രയോജനപ്പെടുത്താതെ കിടക്കുന്നതിനാൽ യന്ത്ര സാമഗ്രികൾ പൊടി പിടിച്ച് കിടക്കുന്നു. പ്ലാന്റ് പ്രവർത്തനക്ഷമമാക്കാത്തതിനാൽ മാർക്കറ്റ് പരിസരത്ത് ദുർഗന്ധത്തിനും കൊതുകുകളും മറ്റും പെരുകി ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുന്നതായി പരിസരത്തുള്ള വ്യാപാരികൾ പരിശോധനവേളയിൽ പരാതി അറിയിച്ചു. ഓഡിറ്റ് സമാപന യോഗത്തിൽ ഇക്കാര്യം ഉന്നയിച്ചതിന് മറുപടിയായി പ്ലാന്റ് എത്രയും വേഗം പ്രവർത്തനക്ഷമമാക്കുന്നതിന് സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും പ്രവർത്തനക്ഷമമാക്കാത്ത സാഹചര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്നും ബഹു. ചെയർമാൻ അറിയിച്ചിട്ടുണ്ട്.

പ്ലാന്റ് പ്രവർത്തനക്ഷമമാക്കിയതിന്റെയും മെഷീനറികളുടെ ഗുണനിലവാരം പരിശോധിച്ച് സാക്ഷ്യപത്രം ലഭിച്ചതിന്റെയും ശുചിത്വ മിഷന്റെ നിബന്ധനകൾക്ക് വിധേയമായി പ്ലാന്റിന്റെ പ്രവർത്തനം ക്രമീകരിച്ചതിന്റെയും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 മരാമത്ത് പ്രവൃത്തികൾ- ടെണ്ടർ നടപടികൾക്ക് ശേഷം എസ്റ്റിമേറ്റിൽ കാതലായ വ്യതിയാനം വരുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ,

അംഗീകരിച്ച ഒറിജിനൽ എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടി വരികയോ ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യേണ്ടി വരുന്ന സാഹചര്യത്തിലും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഓഡിറ്റ് വർഷം നഗരസഭയിൽ നടപ്പാക്കിയ ചുവടെ കൊടുത്തിട്ടുള്ള ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തിയ പ്രവൃത്തി ഇനങ്ങൾ മാറ്റിയും പ്രവൃത്തികളുടെ അളവുകളിൽ വലിയ വ്യതിയാനം വരുത്തിയും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പ്രവൃത്തികൾ നടപ്പാക്കിയിട്ടുള്ളത്. ഇത്തരം പ്രവൃത്തികളിൽ റീടാറിംഗ് ചെയ്യേണ്ടതായ വിസ്തൃതിയിൽ പരമാവധി കുറവ് വരുത്തി കോൺക്രീറ്റിംഗ് പ്രവൃത്തി യഥേഷ്ടം ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | ഒറിജിനൽ എസ്റ്റിമേറ്റ് | കൌൺസിൽ തീരുമാനം | റിവൈസ്ഡ് എസ്റ്റിമേറ്റ് |
|---|---|---|---|

| | | | |
|---|---|---|---|
| | പ്രകാരമുള്ള ഇനം | | പ്രകാരമുള്ള ഇനം |
| കല്ലറമ്പ് കർളങ്കാട് റോഡ് റീടാറിംഗ്,<br>പ്രൊജക്ട്- 97/19<br>TS- 490000<br>കരാറുകാരൻ - ശ്രീ. യു. മുഹമ്മദ്ഷാഫി (എസ്റ്റിമേറ്റ് നിരക്കിൽ) | 400 മീറ്റർ നീളത്തിൽ റിടാറിംഗ് നടത്താനും 185 മീറ്റർ നീളത്തിൽ സൈഡ് കോൺക്രീറ്റിംഗും. | 29-12-2018 ലെ 2- ാം നമ്പർ തീരുമാനം | റീടാറിംഗ് പൂർണ്ണമായി ഒഴിവാക്കി 213 മീറ്റർ നീളത്തിൽ മുഴുവനായി കോൺക്രീറ്റിംഗ് ഉൾപ്പെടുത്തി. |
| കോട്ടൂർ മുണ്ടിയന്തറ ചെമ്മുക്ക് റോഡ് റീടാറിംഗ്,<br>പ്രൊജക്ട്- 303/19<br>TS- 490000<br>കരാറുകാരൻ - ശ്രീ. അബ്ദു. കെ.<br>(എസ്റ്റിമേറ്റ് നിരക്കിൽ) | 600 മീറ്റർ നീളത്തിൽ റിടാറിംഗ് | 22-7-2018 ലെ 35- ാം നമ്പർ കൌൺസിൽ തീരുമാനം | 128 മീറ്റർ മാത്രം റീടാറിംഗ് ചെയ്യുന്നു. അതോടൊപ്പം റോഡിന്റെ ഇരുഭാഗത്തും side concreting ഉം ഉൾപ്പെടുത്തി.<br>left side- 270 meter<br>right side- 280 meter |
| കർളൻകാട് റോഡ് റീടാറിംഗ് ആന്റ് സൈഡ് കട്ടിംഗ്,<br>പ്രൊജക്ട്- 269/19<br>TS- 490000<br>കരാറുകാരൻ - ശ്രീ. യു. മുഹമ്മദ്ഷാഫി (എസ്റ്റിമേറ്റ് നിരക്കിൽ) | 20 മീറ്റർ നീളത്തിൽ റിടാറിംഗ് നടത്താനും 300 മീറ്റർ നീളത്തിൽ സൈഡ് കോൺക്രീറ്റിംഗും. | 22-7-2018 ലെ 35- ാം നമ്പർ കൌൺസിൽ തീരുമാനം | റീടാറിംഗ് പൂർണ്ണമായി ഒഴിവാക്കി സൈഡ് കോൺക്രീറ്റിംഗ് മാത്രമായി റിവൈസ് ചെയ്തു . |
| ഈസ്റ്റ് വില്ലൂർ ആശാരിപ്പടി റോഡ് റീടാറിംഗ് ,<br>പ്രൊജക്ട്- 268/19<br>TS- 500000<br>കരാറുകാരൻ - ശ്രീ. യു. | 300 മീറ്റർ നീളത്തിൽ റിടാറിംഗ് നടത്താനും 160 മീറ്റർ നീളത്തിൽ Berm concreting ഉം. | 22-7-2018 ലെ 35- ാം നമ്പർ കൌൺസിൽ തീരുമാനം | റീടാറിംഗ് 155 മീറ്റർ ആയി കുറവ് ചെയ്തു. സൈഡ് കോൺക്രീറ്റിംഗ് 290 മീറ്റർ ആയി റിവൈസ് ചെയ്തു<br>left side- 120 meter |

| | | | |
|---|---|---|---|
| മുഹമ്മദ്ഷാഫി (എസ്റ്റിമേറ്റ് നിരക്കിൽ) | | | right side- 170 mete |

ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിന് ശേഷം എസ്റ്റിമേറ്റിൽ ഇത്തരത്തിൽ കാതലായ വ്യതിയാനം വരുത്തുന്നത് ക്രമപ്രകാരമുള്ള നടപടിയല്ല. ഇത്തരം ക്രമ വിരുദ്ധമായ നടപടികൾ ഒഴിവാക്കേണ്ടതാണ്.

## 1-35 മരാമത്ത് നിർവ്വഹണം- പൊതു അപാകതകൾ സംബന്ധിച്ച്.

2018-19 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 263 പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്. 157 പ്രൊജക്ടുകൾ മാത്രമാണ് നടപ്പാക്കാനായത്. 106 പ്രൊജക്ടുകൾ നടപ്പാക്കിയില്ല. വകയിരുത്തിയ ഫണ്ടിന്റെ 41% മാത്രമാണ് തൻവർഷം ചെലവഴിക്കാനായത്. 30 സ്പിൽഓവർ പ്രവൃത്തികൾ തൻവർഷം പൂർത്തീകരിച്ചില്ല. പ്രൊജക്ടുകൾ സ്പിൽഓവർ ആകുന്ന വർഷത്തിൽ തന്നെ നിർബന്ധമായും പൂർത്തീകരിക്കണമെന്ന മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ്. നിരവധി ജീവനക്കാരുടെ അധ്വാനവും പൊതു ധനവും പൊതു സൗകര്യങ്ങളും പ്രയോജനപ്പെടുത്തിയുമാണ് ഓരോ പ്രൊജക്ടും തയ്യാറാക്കുന്നത്. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ നിർവ്വഹണം നടത്താതെ ഉപേക്ഷിക്കുന്നു. ഇത് നഗരസഭയുടെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതിനും വകയിരുത്തിയ ഫണ്ട് ലാപ്സാകുന്നതിനും ഇടയാക്കുന്നു. മാത്രമല്ല പ്രൊജക്ട് തയ്യാറാക്കുന്നതിലൂടെ ആ പ്രദേശത്തെ ജനങ്ങൾക്ക് നൽകുന്ന വാഗ്ദാനം നിറവേറ്റപ്പെടാതെ പോകുന്നതിനും ഇത് കാരണമാകുന്നുണ്ട്. ഏറ്റെടുക്കുന്ന പ്രവൃത്തികൾ എല്ലാം തൻവർഷംതന്നെ പൂർത്തിയാക്കുന്നതിനും ഫണ്ട് നഷ്ടപെടാത്ത വിധത്തിൽ പ്രായോഗിക സമീപനങ്ങൾ സ്വീകരിക്കുന്നതിനും ശക്തമായ ഇടപെടലുകൾ നടത്തേണ്ടത് അനിവാര്യമാണ്.

മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ കൊടുക്കുന്നു.

**1. റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്നു.**

തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവയുടെ അധികാര പരിധിയിൽ വരുന്ന റോഡുകൾ ഹൈവേയോടും മേജർ ജില്ലാ റോഡുകളുമായും ബന്ധിപ്പിക്കുന്നതും ഏറ്റവും ചെറിയ ജനവാസ കേന്ദ്രങ്ങളിൽ വരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്റ്റിവിറ്റി പ്ലാൻ (ശൃംഖല) തയ്യാറാക്കാൻ പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതാണ്. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ പ്രൊജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. നിലവിലുള്ള റോഡുകളുടെ വിപുലീകരണവും അറ്റകുറ്റപണിയും പുതിയ റോഡുകളുടെ നിർമ്മാണവും കണക്ടിവിറ്റി പ്ലാനിന്റെയടിസ്ഥാനത്തിൽ മാനദണ്ഡങ്ങളെ ആധാരമാക്കി മുൻഗണനാക്രമം നിശ്ചയിച്ച് വേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടത്. മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് പ്രവൃത്തികളായിരുന്നിട്ടും നഗരസഭ കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല. കണക്റ്റിവിറ്റി പ്ലാനിന്റെ അഭാവത്തിൽ നഗരസഭയിൽ റോഡ് പ്രവൃത്തികളുടെ മുൻഗണനാക്രമം നിശ്ചയിച്ചിരുന്നത് എന്തടിസ്ഥാനത്തിലായിരുന്നു എന്ന് വ്യക്തമല്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കിയില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്റ്റിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

**2. വ്യാപകമായി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നു.**

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവുവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എം.ആർ.സി. സ്പെസിഫിക്കേഷൻ പ്രകാരം റോഡ് നിർമ്മാണ /പുനരുദ്ധാരണ പ്രവൃത്തികളിൽ മെറ്റലിംഗും ടാറിംഗുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മെറ്റലിംഗും ടാറിംഗും പ്രായോഗികമല്ലാത്ത റോഡുകളിലാണ് കോൺക്രീറ്റിംഗ് ആവശ്യമായി വരുന്നത്. ഇക്കാര്യം പരിഗണിക്കാതെ റോഡുകൾ വ്യാപകമായി കോൺക്രീറ്റിഗ് നടത്തുന്നത് മൂലം നഗരസഭയുടെ റോഡുകളിൽ ഏതാനും മീറ്ററുകൾ മാത്രമേ ഓരോ വർഷവും പുനരുദ്ധരിക്കാൻ കഴിയുന്നുള്ളൂ . മാത്രമല്ല പദ്ധതിപ്പണം അധികം ചെലവഴിക്കേണ്ടതായും വരുന്നു. ആയതിനാൽ റോഡ് കോൺക്രീറ്റിംഗ് വ്യാപകമാക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്. നഗരസഭാ ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന മുനിസിപ്പൽ എഞ്ചിനീയറും നിർദ്ദേശം പരിശോധിച്ച് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. **സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.**

പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ് . പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല. മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾ നേതൃത്വപരമായ ഇടപെടൽ നടത്തേണ്ടതാണ്

**4. നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കൽ- കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല.**

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. ഓഡിറ്റ് വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും 4,86,759 രൂപ കുറവ് ചെയ്ത് നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതമിനത്തിൽ അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജായി ഈടാക്കിയിട്ടില്ല.

5. **ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് നിർവ്വഹണം- ടെണ്ടർ ഫീ നഗരസഭാ ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല.**

ജി.ഒ. (എം.എസ്) നമ്പർ 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫീ സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം നഗരസഭ നടപ്പിലാക്കിയ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്തിട്ടുള്ളത് . ഇപ്രകാരം നഗരസഭ ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തത് നഗരസഭയ്ക്ക് തിരികെ ലഭ്യമായിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കുകയും വസ്തുനിഷ്ഠമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്

## 1-36 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ്- മാനപൽ ടെണ്ടറുകളിൽ മൽസരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നില്ല.

2018-19 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ 5 ലക്ഷം രൂപ വരെ അടങ്കലുള്ള പ്രവൃത്തികൾ മാനപൽ ടെണ്ടറായും5 ലക്ഷത്തിന് മുകളിൽ അടങ്കലുള്ള പ്രവൃത്തികൾ ഇ- ടെണ്ടറായുമാണ് ടെണ്ടറിംഗ് നടത്തിയത്. എന്നാൽ മാനപൽ ടെണ്ടറിംഗ് നടത്തിയ ഭൂരിഭാഗം ടെണ്ടറുകളിലും മൽസരക്ഷമത ഉറപ്പ് വരുത്തിയിട്ടില്ലെന്ന് ടെണ്ടർ റജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു

| ടെണ്ടർ തീയ്യതി | ടെണ്ടർ ചെയ്ത പ്രവൃത്തികൾ | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | | | |
|---|---|---|---|---|---|
| | | ലഭിച്ചില്ല | 1എണ്ണം ലഭിച്ചത് | 2എണ്ണം ലഭിച്ചത് | 2 ൽ അധികം എണ്ണം ലഭിച്ചത് |
| 13-7-2018 | 25 | ഇല്ല | 1 | 17 | 7 |
| 10-8-2018 | 31 | ഇല്ല | ഇല്ല | 30 | 1 |
| 24-11-2018 | 35 | 2 | 2 | 24 | 7 |
| 30-11-2018 | 30 | ഇല്ല | 1 | 29 | ഇല്ല |
| 15-2-2019 | 21 | ഇല്ല | 10 | 11 | ഇല്ല |

ടെണ്ടർ ചെയ്ത 142 പ്രവൃത്തികളിൽ 15 പ്രവൃത്തികളുടെ ടെണ്ടറിൽ മാത്രമാണ് മൂന്നോ അതിലധികമോ പേർ പങ്കെടുത്തത്. ബാക്കി എല്ലാ ടെണ്ടറുകളിലും ഒന്നോ രണ്ടോ പേർ വീതമാണ് പങ്കെടുത്തത്. 109 വർക്കുകളും എസ്റ്റിമേറ്റ് നിരക്കിലാണ് ടെണ്ടറിംഗ് നടന്നത്. 33 ടെണ്ടറുകളിൽ മാത്രമാണ് ടെണ്ടർ കുറവ് ക്വാട്ട് ചെയ്തത്. അതിൽ തന്നെ 9 ടെണ്ടറുകളിൽ വളരെ നിസാരമായ കുറവ് മാത്രമാണ് രേഖപ്പെടുത്തിയത്.

രണ്ട് പേർ പങ്കെടുക്കുന്ന ടെണ്ടറിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ നൽകുമ്പോൾ അപരൻ എസ്റ്റിമേറ്റ് നിരക്കിലും അധികം രേഖപ്പെടുത്തുന്നു. അടുത്ത പ്രവൃത്തിയിൽ ഇതിന് വിപരീതമായിട്ട് ടെണ്ടർ സമർപ്പിക്കുന്നു. അല്ലെങ്കിൽ ഒരു ടെണ്ടറിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികവും രണ്ടാമൻ നിസ്സാരമായ കുറവും രേഖപ്പെടുത്തിയിരിക്കും. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുന്നതായി ലഭിച്ച ടെണ്ടറുകളുടെ എണ്ണവും ക്വാട്ട് ചെയ്ത നിരക്കുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മാത്രമല്ല ഇങ്ങനെ ധാരണയിലെത്തുന്നത് നഗരസഭയുടെ ഉത്തമ സാമ്പത്തിക താൽപര്യത്തിന് നിരക്കുന്നതുമല്ല. ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും നഗരസഭ ജാഗ്രത പുലർത്തുന്നില്ലെന്ന് വ്യക്തമാകുന്നു.

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗിൽ മത്സരാധിഷ്ഠിതമായി ടെണ്ടറുകൾ ലഭിക്കുന്നതിന് വികസന / പൊതു മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റികൾ സമയോചിത ഇടപെടൽ നടത്തേണ്ടതും നേതൃത്വപരമായ പങ്ക് നിർവ്വഹിക്കേണ്ടതുമാണ്.

## 1-37 ചെലവ് തുകകൾ പൂർണ്ണമായി ചെലവ് സ്റ്റേറ്റ്മെന്റിൽ ബുക്ക് ചെയ്തില്ല

നഗരസഭയിൽ ഓഡിറ്റ് വർഷം മുനിസിപ്പൽ എഞ്ചിനീയർ വിവിധ ഫണ്ടുകളിൽ നിന്നും ചെലവ് ചെയ്ത തുകകൾ പൂർണ്ണമായി സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ബുക്ക് ചെയ്തിട്ടില്ല. ബുക്ക് ചെയ്യാത്ത തുകകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ചെലവ് ചെയ്ത പ്രൊജക്ട് | ചെലവ് തുക | ബിൽ/ചെക്ക് |
|---|---|---|

| നമ്പർ | | നമ്പർ |
|---|---|---|
| 133/19 | 267471 (സി.എഫ്.സി.) | 54/11-3-2019 |
| 137/19 | 337500 (സി.എഫ്.സി.) | 55/ 11-3-2019 |
| 149/19 | 342790 ( തനത് ഫണ്ട്) | 300664/ 13-3-2019 |
| 242/19 | 1213378 ( തനത് ഫണ്ട്) | 51800366/25-7-18 |
| 243/19 | 412726 ( തനത് ഫണ്ട്) | 4930832/ 25-7-2018 |
| 255/19 | 18818 ( തനത് ഫണ്ട്) | 51800368/25-7-18 |
| 260/19 | 42223 ( തനത് ഫണ്ട്) | 4930832/ 25-7-2018 |
| 261/19 | 39405 ( തനത് ഫണ്ട്) | 4930832/ 25-7-2018 |
| 263/19 | 68524 ( തനത് ഫണ്ട്) | 4930832/ 25-7-2018 |
| 280/19 | 61900 ( തനത് ഫണ്ട്) | 4930832/ 25-7-2018 |

ചെലവ് തുകകൾ പൂർണ്ണമായി ചെലവ് സ്റ്റേറ്റ്മെന്ററിൽ ബുക്ക് ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ 19/16-01-2020 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-38 വനിതകൾക്കുള്ള തൊഴിൽ പരിശീലന കേന്ദ്രം പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ,

പ്രൊജക്റ്റ്- വനിതകൾക്ക് തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കലും പരിശീലനവും

പ്രൊജക്റ്റ് നമ്പർ- 238/19, 131/19 (സ്പിൽഓവർ)

2017-18 വർഷത്തെ പദ്ധതിയിൽ 20 ലക്ഷം രൂപ വകയിരുത്തി ആവിഷ്ക്കരിച്ച മേൽ പദ്ധതി പ്രകാരം 17,11,693 രൂപ ചെലവിൽ പരിശീലന കേന്ദ്രത്തിനായി കെട്ടിടം പണി പൂർത്തീകരിച്ചു. കെട്ടിട നിർമ്മാണത്തിനായി 2017-18 വർഷത്തിൽ 12 ലക്ഷം രൂപയും ഓഡിറ്റ് വർഷത്തിൽ 5,11,693 രൂപയും (ചെക്ക് നമ്പർ- 4930853/15-12-2018) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പരിശീലനോപകരണങ്ങൾ വാങ്ങുകയോ പരിശീലന കേന്ദ്രം പ്രവർത്തനമാരംഭിക്കുകയോ ചെയ്തിട്ടില്ല. പ്രൊജക്റ്റ് നിർവ്വഹണത്തിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു..

1. അംഗീകരിച്ച പ്രൊജക്റ്റ് പ്രകാരം പരിശീലന കേന്ദ്രം സജ്ജീകരിക്കുന്നതിന് 6 ലക്ഷം രൂപയും പരിശീലന സാമഗ്രികൾ വാങ്ങുന്നതിന് 14 ലക്ഷം രൂപയുമാണ് വകയിരുത്തിയിരുന്നത്. എന്നാൽ കെട്ടിട നിർമ്മാണത്തിന് മാത്രമായി 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 17,11,693 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇത് പ്രൊജക്റ്റ് നിർദ്ദേശങ്ങളിൽ നിന്നുള്ള വ്യതിചലനമാണ്.

2. ഏത് തരത്തിലുള്ള പരിശീലനമാണ് നൽകുന്നതെന്നോ പരിശീലനം നൽകുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതായോ വിവരം ലഭ്യമല്ല. പരിശീലനം നൽകുന്ന ഏജൻസിയേയും നിശ്ചയിച്ചിട്ടില്ല.

16-1-2020 ന് മുനിസിപ്പൽ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ തൊഴിൽ പരിശീലന കേന്ദ്രം ഓഡിറ്റ് ടീം സ്ഥല പരിശോധന നടത്തിയതിൽ കണ്ടെത്തിയ വിവരം ചുവടെ കൊടുക്കുന്നു.

ബസ് സ്റ്റാന്റ് പരിസരത്ത് നഗരസഭയുടെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ രണ്ടാം നിലയിലാണ് പരിശീലന കേന്ദ്രത്തിന് കെട്ടിട സൗകര്യമേർപ്പെടുത്തിയിട്ടുള്ളത്. കെട്ടിടത്തിന് പാരപ്പറ്റ് കെട്ടാത്തതിനാലും നിർമ്മാണത്തിലെ മറ്റ് പോരായ്മകളാലും വരാന്തയിൽ വെള്ളം നിൽക്കുന്ന അവസ്ഥയാണുള്ളത്. കെട്ടിടത്തിനകത്ത് ടൈൽ വിരിക്കാതെ വരാന്തയിൽ മാത്രം ടൈൽ വിരിച്ചതിനാൽ വരാന്തയിൽ വരുന്ന വെള്ളം അകത്തേക്ക് പ്രവേശിക്കുന്നു. കെട്ടിടത്തിന്റെ ജനൽ ഗ്ലാസുകളെല്ലാം പൊട്ടിയിട്ടുണ്ട്. കെട്ടിടത്തിനകത്തും പുറത്തും വൃത്തിഹീനമായ അവസ്ഥയിലാണ്. പരിശീലനത്തിനുള്ള ഉപകരണങ്ങളോ ഫർണീച്ചർ സൗകര്യങ്ങളോ കെട്ടിടത്തിൽ ഏർപ്പെടുത്തിയിട്ടില്ല.

തൊഴിൽ പരിശീലന കേന്ദ്രം പ്രവർത്തനമാരംഭിക്കാത്തതിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വസ്തുനിഷ്ഠമായ മറുപടി ലഭ്യമാക്കേണ്ടതും പരിശീലന കേന്ദ്രം യാഥാർത്ഥ്യമാക്കിയ വിവരം അറിയിക്കേണ്ടതുമാണ്.

## 1-39 തെരുവ് വിളക്കുകൾ- റജിസ്റ്റർ സക്ഷിക്കുന്നില്ല

തെരുവ് വിളക്കുകളുടെ നിർമ്മാണം, പരിപാലനം എന്നിവയ്ക്കായി വൻ തുക നഗരസഭ ഓരോ വർഷവും ചെലവഴിക്കുന്നുണ്ട്. പുത്തൂർ ബൈപ്പാസിൽ പുതിയ എൽ.ഇ.ഡി. ബൾബുകൾ-60w- 90 എണ്ണം ( 35.30 ലക്ഷം) , വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ -7 എണ്ണം (10.5 ലക്ഷം) എന്നിങ്ങനെ ഓഡിറ്റ് വർഷത്തിൽ പുതിയ വിളക്കുകൾ സ്ഥാപിക്കുന്നതിനായി മാത്രം 45.8 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ നിലവിലുള്ള തെരുവ് വിളക്കുകളുടെ AMC യ്ക്കായി 33.66 ലക്ഷം രൂപയും വൈദ്യുതി ചാർജിനത്തിൽ 31.75 ലക്ഷവും ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, അവ സ്ഥാപിക്കപ്പെട്ട ലോക്കേഷൻ എന്നിവ സംബന്ധിച്ച് നഗരസഭയിൽ കൃത്യമായ വിവരം ലഭിക്കുന്ന ഒരു രേഖയുമില്ല. അതാത് വൈദ്യുതി സെക്ഷൻ ഓഫീസുകളിൽ നിന്നും നൽകുന്ന ബില്ലുകൾ പ്രകാരമുള്ള ചാർജ് അടവാക്കുന്നു എന്നതിൽ കവിഞ്ഞ് ഓരോ സെക്ഷന്റെയും പരിധിയിൽ എത്ര വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് കൃത്യമായ വിവരം നഗരസഭയിലില്ല. കൃത്യമായ എണ്ണം ശേഖരിക്കുന്നതിന് കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുമില്ല.

തെരുവ് വിളക്കുകളുടെ കൃത്യമായ വിവരം ഇനം തിരിച്ച് ( എൽ.ഇ.ഡി, സി.എഫ്.എൽ, സോഡിയം വേപ്പർ, ഓർഡിനറി, ഹൈമാസ്റ്റ് , മിനിമാസ്റ്റ് എന്നിങ്ങനെ)പോസ്റ്റ് നമ്പർ അടക്കം രേഖപ്പെടുത്തുന്ന റജിസ്റ്റർ സൂക്ഷിക്കേണ്ടതും പ്രവർത്തനക്ഷമമല്ലാത്ത തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ് അടവാക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-40 മരാമത്ത് വർക്കുകൾക്കുള്ള തനത് ഫണ്ട് വിനിയോഗം-ചെലവിന് ആധികാരികമായ രേഖകൾ പൂർണ്ണമായി സൂക്ഷിക്കുന്നില്ല- തുക തടസ്സം ചെയ്യുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ- മുനിസിപ്പൽ എഞ്ചിനീയർ,

2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ തനത് ഫണ്ട് വകയിരുത്തിയ ചുവടെ ചേർത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ബിൽ പ്രകാരമുള്ള തുകകൾ നഗരസഭ സെക്രട്ടറി മുനിസിപ്പൽ എഞ്ചിനീയറുടെ പേരിലുള്ള ട്രഷറി/ ബാങ്ക് അക്കൌണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ ഫയൽ ഹാജരാക്കിയിട്ടുണ്ടെങ്കിലും മൂല്യ നിർണ്ണയ തുകകളിൽ നിന്ന് നിയമാനുസൃതം കുറവ് ചെയ്യേണ്ടതായ നികുതി തുകകൾ കുറവ് ചെയ്ത് അറ്റ തുക കരാറുകാരുടെ അക്കൌണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്തതിന്റെയോ നികുതി തുകകൾ അടവാക്കിയതിന്റെയോ രേഖകളൊന്നും ഫയലിൽ സൂക്ഷിക്കുകയോ പരിശോധനക്ക് ഹാജറാക്കുകയോ ചെയ്തിട്ടില്ല. ചെലവ് വിവരങ്ങൾ രേഖപ്പെടുത്തി ക്യാഷ്ബുക്കോ പ്രൊജക്ട് റജിസ്റ്ററോ സൂക്ഷിക്കുന്നില്ല. ചെലവിന്റെ വിശദാംശങ്ങൾ പാസ് ബുക്കിൽ എന്ട്രി വരുത്തുകയോ പാസ്ബുക്ക് കാലികമാക്കി സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ഇക്കാരണത്താൽ,തനത്ഫണ്ട് മുനിസിപ്പൽ എഞ്ചിനീയറുടെ

പേരിലുള്ള ട്രഷറി/ ബാങ്ക് അക്കൌണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്ത് തുക ചെലവഴിച്ചതിന്റെ ആധികാരികത ഉറപ്പ് വരുത്താനായില്ല.ചെലവിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെക്ക് നമ്പർ |
|---|---|---|---|---|
| 1 | 65/19 | കാലൊടി കുഞ്ഞിമരക്കാർ റോഡ് കോൺക്രീറ്റിംഗ്. | 4,90,000 | 51800209/4-6-18 |
| 2 | 169/19 | ഇല്ലിക്കൽ ഈനിക്കൽ റോഡ് പുനരുദ്ധാരണം | 4,99,000 | 51800210/4-6-18 |
| 3 | 152/19 | ചാച്ചൻ കോളനി രണ്ടാം ഘട്ട ടാറിംഗ് | 3,46,807 | 51800211/4-6-18 |
| 4 | 257/19 | മൂരിക്കുന്നൻ ഇടവഴി കോൺക്രീറ്റിംഗ്. | 43,338 | 51800363/25-7-18 |
| 5 | 263/19 | വലിയപീടിയേക്കൽ പാത്ത് വേ കോൺക്രീറ്റിംഗ്. | 68,524 | 51800364/25-7-18 |
| 6 | 242/18 | ജി.എം.യുപി.സ്ക്കൂൾ കെട്ടിട നിർമ്മാണം | 12,13,378 | 51800366/25-7-18 |
| 7 | 261/19 | ലായില പള്ളിയാലി റോഡ് രണ്ടാം ഘട്ട കോൺക്രീറ്റിംഗ്. | 39,405 | 51800367/25-7-18 |
| 8 | 255/19 | വെട്ടത്തോട് പാത്ത് വേ കോൺക്രീറ്റിംഗ്. | 18,818 | 51800368/25-7-18 |
| 9 | 260/19 | മംഗലം റോഡ് കോൺക്രീറ്റിംഗ്. | 42,223 | 51800369/25-7-18 |
| 10 | 216/19 | മേലേഅങ്ങാടി തെങ്ങ് വളപ്പ് ഉണ്ണിയാൽ റോഡ് സൈഡ് കോൺക്രീറ്റിംഗ്. | 89,587 | 51800372/25-7-18 |
| 11 | 237/19 | പെരുംകുളം വലിയപറമ്പ് റോഡ് പുനരുദ്ധാരണം | 3,28,623 | 51800371/25-7-18 |
| 12 | 309/19 | കൊളക്കാടൻ മൊയ്തുട്ടി റോഡ് നിർമ്മാണം | 1,11,049 | 51800370/25-7-18 |
| 13 | 280/19 | പാലത്തറയിലുള്ള പൊതുകുളം പുനരുദ്ധാരണം | 61,900 | 51800373/25-7-18 |
| 14 | 222/19 | വലിയചോല സൈഡ് കെട്ടൽ | 18,785 | 51800374/25-7-18 |
| 15 | 240/19 | എറയസ്സൻ കുളമ്പ് കുടിവെള്ള പദ്ധതി-രണ്ടാം ഘട്ടം | 2,85,613 | 51800375/25-7-18 |
| 16 | 291/19 | കറവക്കോട്ടിൽ പാത്ത് വേ കോൺക്രീറ്റിംഗ്-രണ്ടാം ഘട്ടം | 90,936 | 51800382/8-8-18 |

| | | | | |
|---|---|---|---|---|
| 17 | 244/19 | പണിക്കർകുണ്ട് അങ്കണവാടി പാത്ത് വേ-രണ്ടാം ഘട്ടം | 47,915 | 51800380/8-8-18 |
| 18 | 210/19 | പുലിക്കോട് തോട് സൈഡ് കരിങ്കല്ല് കെട്ടി റിപ്പയർ | 35,834 | 51800379/8-8-18 |
| 19 | 300/19 | ബീരാൻകുട്ടി പാത്ത് വേ-രണ്ടാം ഘട്ടം കോൺക്രീറ്റിംഗ്- | 2,87,394 | 51800381/8-8-18 |
| 20 | 290/19 | കമ്മറ്റിപീടിക ഉമ്മണിയാൽകുണ്ട് റോഡ് ഫോർമേഷൻ | 1,77,513 | 51800467/18-8-18 |
| 21 | 236/19 | പള്ളിപ്പറമ്പ് പെരുംകുളം റോഡ് പുനരുദ്ധാരണം | 2,86,112 | 51800466/18-8-18 |
| 22 | 281/19 | ചീനമ്പുത്തൂർ മലയംകുന്ന് റോഡ് ബാക്കി ഭാഗം കോൺക്രീറ്റും സൈഡ് കെട്ടലും | 88,169 | 51800465/18-8-18 |
| 23 | 275/19 | സർഹിന്ദ് നഗർ ആലിൻ ചുവട് റോഡിൽ ഉണ്ണിപ്പിലാക്കൽ എന്ന സ്ഥലത്ത് വീതി കൂട്ടിയ ഭാഗം കോൺക്രീറ്റ് ചെയ്യുക | 38,100 | 51800464/18-8-18 |
| 24 | 265/19 | കോഴിമട പള്ളിപ്പറമ്പ് റോഡ് ടാറിംഗ് | 16,244 | 51800572/13-9-18 |
| 25 | 285/19 | കമ്മൂസ് പാത്ത് വേ കോൺക്രീറ്റിംഗ്- | 1,00,313 | 51800571/13-9-18 |
| 26 | 241/19 | മുനിസിപ്പൽ ഓഫീസ് നവീകരണം | 71,074 | 51800570/13-9-18 |
| 27 | 302/19 | വില്ലൂർ പുന്നപ്പറമ്പ് റോഡ് റീടാറിംഗ് | 4,69,969 | 51800560/13-9-18 |
| 28 | 267/19 | കാലൊടി ആലസ്സൻകുട്ടി റോഡ് നിർമ്മാണം | 90,052 | 51800562/13-9-18 |
| 29 | 245/19 | സ്ട്രീറ്റ് കോളനി തടത്തിൽ പാത്ത് വേ | 26,090 | 51800561/13-9-18 |
| 30 | 298/19 | തെരുവ് വിളക്ക് പരിപാലനം-AMC 2016-17 ലെ ബാക്കി തുക നൽകൽ | 2,14,923 | 51800578/14-9-18 |
| 31 | 305/19 | പുന്നപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ്- | 1,54,146 | 51800791/4-12-18 |
| 32 | 218/19 | ഗവ. രാജാസ് | 56,401 | 51800790/4-12-18 |

| | | | | |
|---|---|---|---|---|
| | | ഹൈസ്ക്കൂൾ ക്ലാസ്റൂം നവീകരണം | | |
| 33 | 238/19 | വനിതകൾക്ക് തൊഴിൽ പരിശീലന യൂണിറ്റ് സ്ഥാപിക്കലും പരിശീലനവും | 5,11,693 | 51800873/15-12-18 |
| 34 | 213/19 | തെരുവ് വിളക്ക് പരിപാലനം AMC | 12,26,440 | 51800901/18-12-18 |
| 35 | 69/19 | മുളിയൻകുന്ന് തട്ടാൻതൊടി പാത്ത് വേ കോൺക്രീറ്റിംഗ്. | 2,80981 | 51801022/23-1-19 |
| 36 | 59/19 | മങ്ങാട്ടിൽ ഇടവഴി കോൺക്രീറ്റിംഗ്. | 1,67,534 | 51801023/23-1-19 |
| 37 | 57/19 | മേക്കരമ്പിൽ പാത്ത് വേ കോൺക്രീറ്റിംഗ്. | 1,65,074 | 51801021/23-1-19 |
| 38 | 289/19 | പള്ളിക്കോളനി മിനി കുടിവെള്ള പദ്ധതി | 1,25,518 | 51801020/23-1-19 |
| 39 | 301/19 | എ.എം.എൽ.പി.സ്ക്കൂൾ, കോട്ടൂർ റോഡ് റീടാറിംഗ് | 3,75,976 | 51801010/23-1-19 |
| 40 | 304/19 | സൂപ്പി ബസാർ ചൂണ്ട റോഡ് റീടാറിംഗ് | 339660 | 51801146/12-2-2019 |
| 41 | 66/19 | തെണ്ടാരുതൊടു പുതിയ അങ്കണവാടി റോഡ് കോൺക്രീറ്റിംഗ് | 454536 | 51801145/12-2-2019 |
| 42 | 388/19 | കാക്കാത്തോട് മൈത്രി റോഡ് രണ്ടാം ഘട്ടം | 490000 | 51801171/ 27-2-2019 |
| 43 | 283/19 | ജി.യു.പി. സ്ക്കൂൾ നായാടിപ്പാറ മേൽക്കൂര പുനരുദ്ധാരണം | 199931 | 51801172/ 27-2-2019 |
| 44 | 149/19 | ഇല്ലിക്കൽ- ഈനിക്കൽ റോഡ് നിർമ്മാണം | 342790 | 51801250/13-3-2019 |
| 45 | 332/19 | മുക്കിലെ കുഴി സ്റ്റീൽ കോളനി റോഡ് കോൺക്രീറ്റിംഗ് | 495000 | 51801278/21-3-2019 |
| 46 | 325/19 | വിക്കത്ത്മാട് മുക്കാട്ടുകുളം റോഡ് റീടാറിംഗും സൈഡ് കോൺക്രീറ്റിംഗും | 313687 | 51801279/21-3-2019 |
| 47 | 303/19 | കോട്ടൂർ മുണ്ടിയന്തറ ചെമ്മുക്ക റോഡ് റീടാറിംഗ് | 449777 | 51801280/21-3-2019 |
| 48 | 363/19 | അമ്പായകണ്ട് മുതുവത്തിൻമുകൾ റോഡ് റീടാറിംഗും ഡ്രൈനേജ് നിർമ്മാണം | 495000 | 51801281/21-3-2019 |

| | | | | |
|---|---|---|---|---|
| 49 | 334/19 | പുന്നക്കോട്ടിൽ റോഡ് ടാറിംഗ് | 472821 | 51801283/21-3-2019 |
| 50 | 193/19 | തിരുന്നിലത്ത് പള്ളി ഇടവഴി നിർമ്മാണം | 489480 | 51801284/21-3-2019 |
| 51 | 328/19 | ചീനംപുത്തൂർ പള്ളി പാത്ത് വേ പുനരുദ്ധാരണം | 149250 | 51801296/21-3-2019 |
| 52 | 361/19 | കോഴിക്കൽ ഇടവഴി പുനരുദ്ധാരണം | 110922 | 51801297/21-3-2019 |
| 53 | 39/19 | ആട്ടീരി റോഡ് സൈഡ് കോൺക്രീറ്റിംഗ് | 367500 | 51801298/26-3-2019 |
| 54 | 151/19 | വലിയപറമ്പ് നെവളക്കുണ്ട് റോഡ് സൈഡ് കെട്ടൽ | 111760 | 51801299/26-3-2019 |
| 55 | 45/19 | കുറുക്കൻകുണ്ട് പാത്ത് വേ ബാക്കി ഭാഗം കോൺക്രീറ്റിംഗ് | 296547 | 51801300/26-3-2019 |
| 56 | 61/19 | തേൻവീട്ടിൽ വേളക്കായൻ പാത്ത് വേ കോൺക്രീറ്റിംഗ് | 318483 | 51801301/26-3-2019 |
| 57 | 336/19 | പാണ്ടമംഗലം നന്ദയിൽ ഇടവഴി കോൺക്രീറ്റിംഗ് | 255739 | 51801321/29-3-2019 |
| 58 | 129/19 | വയനാട് കെ.കെ. പാത്ത് വേ | 269885 | 51801322/29-3-2019 |
| 59 | 345/19 | സ്റ്റീൽ കോളനി റോഡ് സൈഡ് പുനരുദ്ധാരണം | 489510 | 51801320/29-3-2019 |
| 60 | 382/19 | സി.എച്ച്.സി. മുറ്റം ഇന്ററൽലോക്ക് | 335000 | 51801170/27-2-2019 |
| 61 | 188/15 | പൂക്കുളം റിപ്പയറിംഗ് | 189528 | 51801168/27-2-2019 |
| 62 | 102/16 | വലിയ പറമ്പ് കൂത്തുമാടൻ റോഡ് കോൺക്രീറ്റിംഗ് | 144889 | 51801169/27-2-2019 |
| 63 | 66/19 | തെണ്ടാരുതൊടു പുതിയഅങ്കണവാടി റോഡ് കോൺക്രീറ്റിംഗ് | 454536 | 51801145/12-2-2019 |
| 64 | 273/19 | പുന്നപ്പറമ്പ് നിസ്ക്കാരപള്ളി റോഡ് നിർമ്മാണം | 129905 | 51801024/23-1-2019 |
| 65 | 279/19 | ഇരട്ടക്കുളം റിപ്പയർ | 141816 | 51801025/23-1-2019 |
| 66 | 58/19 | കുന്നക്കാട്ടിൽ കുന്നുമ്മൽ പാത്ത് വേ കോൺക്രീറ്റിംഗ് | 377950 | 51801026/23-1-2019 |
| 67 | 51/19 | മേലെ അങ്ങാടി സൈഡ് കോൺക്രീറ്റിംഗ് | 490000 | 51800969/11-1-2019 |

| | | | | |
|---|---|---|---|---|
| 68 | 278/19 | ബേബിവിറ്റ വയനാട് റോഡ് ബന്ധിപ്പിക്കൽ | 250000 | 51800920/28/12/2018 |
| 69 | 286/19 | പാപ്പായി വൈദ്യുത ലൈന് മാറ്റൽ | 23417 | 51800900/18-12-2018 |
| 70 | 286/19 | പാപ്പായി വൈദ്യുത ലൈന് മാറ്റൽ | 17508 | 51800849/4-12-2018 |
| 71 | 254/19 | കോട്ടൂർ മുണ്ടിയന്തറ മിനിമാസ്റ്റ് സ്ഥാപിക്കൽ | 150000 | 51800758/12-11-2018 |
| 72 | 243/19 | മുനിസിപ്പൽ ഓഫീസ്റീവയറിംഗ് | 412726 | 51800365/25-7-2018 |
| | | **ആകെ** | **1,87,91,004** | |

മേൽ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ- 33/18-1-2020 നൽകിയെങ്കിലും ചെലവ് തുക അതാത് കരാറുകാരുടെ അക്കൗണ്ടിലേക്കും നിയമാനുസൃത നികുതികൾ അതാത് വകുപ്പികളിലേക്കും നൽകിയതിന്റെ/അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജറാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1,87,91,004 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-41 മരാമത്ത് പ്രവൃത്തികൾ- ജി.എസ്.ടി.യിൻമേൽ TDS ഈടാക്കിയതിൽ കുറവ്

**നിർവഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ,**

കേന്ദ്ര സർക്കാറിന്റെ 14.9.18 ലെ 65/39/2018-DOR നം സർക്കുലർ പ്രകാരം മരാമത്ത് പ്രവൃത്തികളിൽ 1.10.2018 മുതൽ സപ്ലൈയർമാർക്ക് / കരാറുകാർക്ക് അനുവദിക്കുന്ന 2,50,000 രൂപക്ക് മേലുള്ള പേമെന്റുകളിൽ നിന്നും ജി.എസ്.ടി.യിൻമേൽ 2% TDSഈടാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ഓഡിറ്റ് വർഷം കരാറുകാർ മുഖേന നിർവ്വഹണം നടത്തിയ 250000 രൂപയ്ക്ക് മുകളിലുള്ള മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി.യിൻമേൽ TDS രണ്ട് രീതിയിൽ ഈടാക്കിയിട്ടുള്ളതായി കാണുന്നു. മൂല്യ നിർണ്ണയ തുകയുടെ 2% TDS കുറവ് ചെയ്യുന്നതിന് പകരം ചുവടെ കൊടുത്തിട്ടുള്ള വിധം കുറഞ്ഞ നിരക്കിലാണ് TDS കുറവ് ചെയ്തിട്ടുള്ളത്.

1. മൂല്യ നിർണ്ണയ തുകയിൽ നിന്നും നിയമാനുസൃതം കുറവ് ചെയ്യേണ്ട IT, ക്ഷേമനിധി വിഹിതം എന്നിവ കുറവ് ചെയ്തതിന് ശേഷമുള്ള തുകയുടെ 2% മാണ് TDS ഈടാക്കിയത്.

ഉദാ:-

| പ്രോജക്റ്റ് | പ്രവൃത്തി | മൂല്യ നിർണ്ണയ തുക | IT, ക്ഷേമനിധി വിഹിതം എന്നിവ കുറവ് ചെയ്തത് | TDS കുറവ് ചെയ്തത് | TDS ഈടാക്കേണ്ടത് |
|---|---|---|---|---|---|
| 304/19 | സൂപ്പി ബസാർ ചൂണ്ട റോഡ് റീടാറിംഗ്,<br>കരാറുകാരൻ -ശ്രീ. അൻവർ .കെ.<br>ടി.എസ്. 340000 | 339660 | 339660<br>(-) IT 3397<br>(-) WF 3397<br>332866 | 6658<br>(332866X2%) | 6793<br>(339660 x2%) |

| | | | | | |
|---|---|---|---|---|---|
| 69/19 | മുളിയൻകുന്ന് തട്ടാൻതൊടി പാത്ത് വേ കോൺക്രീറ്റിംഗ്<br>കരാറുകാരൻ -ശ്രീ. സിറാജുദ്ധീൻ .പിപി.<br>ടി.എസ്. 290000 | 280981 | 280981<br>(-) IT 2810<br>(-) WF 2810<br>275361 | 5508<br>(275361X2%) | 5620<br>(280981 x2%) |

2. എന്നാൽ ചില പ്രവൃത്തികളുടെ ബില്ലുകളിൽ കരാറുകാർ അടവാക്കേണ്ടതായ 12% ജി.എസ്.ടി. കണക്കാക്കി ആയതിന്റെ 2% മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഉദാഹരണം ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് | പ്രവൃത്തി | മൂല്യ നിർണ്ണയ തുക | IT, ക്ഷേമനിധി വിഹിതം എന്നിവ കുറവ് ചെയ്തത് | TDS കുറവ് ചെയ്തത് | TDS ഈടാക്കേണ്ടത് |
|---|---|---|---|---|---|
| 363/19 | അമ്പായക്കുണ്ട് മുതുവത്തിൻമുകൾ റോഡ് റീടാറിംഗും ഡ്രൈനേജ് നിർമ്മാണവും<br>കരാറുകാരൻ -ശ്രീ. അബ്ദു .കെ.<br>ടി.എസ്. 495000 | 495000 | 495000<br>(-) IT 4950<br>(-) WF 4950<br>485100 | 485100X100/112<br>= 433125<br>12% GST<br>= 51975<br>(485100-433125)<br>**TDS- 1040**<br>(2% OF 51975) | 9900 |
| 79/19 | കണ്ണാത്തിച്ചിറ റോഡ് റീടാറിംഗ്<br>കരാറുകാരൻ -ശ്രീ. സിറാജുദ്ധീൻ .പിപി.<br>ടി.എസ്. 360000 | 344378 | 344378<br>(-) IT 3444<br>(-) WF 3444<br>337490 | 337490X100/112<br>= 301330<br>12% GST<br>= 36160<br>(337490-301330)<br>**TDS- 724**<br>(2% OF 36160) | 6888 |
| 102/19 | പുലിക്കോട് പുന്നക്കോട്ടിൽറോഡ് നിർമ്മാണം<br>കരാറുകാരൻ -ശ്രീ. മുഹമ്മദ് ഷാഫി. യു.<br>ടി.എസ്. 490000 | 490000 | 490000<br>(-) IT 4900<br>(-) WF 4900<br>480200 | 480200X100/112<br>= 428750<br>12% GST<br>= 51450<br>(480200-428750) | 9800 |

| | | | | | |
|---|---|---|---|---|---|
| | | | | **TDS- 1030** (2% OF 51450) | |

മുകളിൽ വ്യക്തമാക്കിയ രണ്ടിലൊരു രീതിയിലാണ് മിക്ക വർക്കുകളിലും TDS ഈടാക്കിയിട്ടുള്ളത്.

ക്രമ വിരുദ്ധമായി TDS കണക്കാക്കിയതിനാൽ TDS ഈടാക്കിയതിൽ വൻ കുറവ് വന്നിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ജി.എസ്.ടി.ഓഫീസിൽ നിന്നും അറിയിച്ചതിനാലാണ് ഇപ്രകാരം TDS ഈടാക്കിയത് എന്ന് അറിയിച്ചു. എന്നാൽ ജി.എസ്.ടി. വകുപ്പിന്റെ ഉത്തരവുകളൊന്നും ഹാജറാക്കിയിട്ടില്ല.

ഇപ്രകാരം TDS ഈടാക്കിയതിന് ജി.എസ്.ടി. വകുപ്പിൽ നിന്നുള്ള അനുമതി ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

## 1-42 ആർജ്ജിതാവധി സറണ്ടർ അധിക നിരക്കിൽ നൽകി

നഗരസഭയിലെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലെ ശ്രീ ശിവൻ (ഓവർസിയർ), ശ്രീമതി ജംഷീന (ഡി ഇ ഒ) താത്ക്കാലിക ജീവനക്കാർക്ക് താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം ആർജ്ജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | വൗച്ചർ നമ്പർ/ തിയ്യതി | തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ശ്രീ ശിവൻ പി ഓവർസിയർ | 21800767/16.11.2018 | 12333 | 20 ദിവസത്തെ സറണ്ടർ (@18500 /month) |
| | | 21801462/23.03.2019 | 12333 | |
| 2 | ശ്രീമതി ജംഷീന കെ (ഡി ഇ ഒ) | 21800767/16.11.2018 | 12333 | 20 ദിവസത്തെ സറണ്ടർ (@18500 /month) |
| | | 21801462/23.03.2019 | 12333 | |

താത്ക്കാലിക ജീവനക്കാർക്ക് KSR പ്രകാരം 15 ആർജ്ജിതാവധി മാത്രമാണ് ക്രഡിറ്റിൽ നിലനിർത്താനാവുക. ആയതിനാൽ ഒരു വർഷത്തേക്ക് 15 ആർജ്ജിതാവധികൾ മാത്രമാണ് പണമായി മാറ്റാനാവുക എന്നിരിക്കെ 40 ആർജ്ജിതാവധികൾ പണമായി മാറിനൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(23/16.01.2020) 12.07.20444 ലെ സർക്കാർ ഉത്തരവ് നം.GO(P)324/2004/fin പ്രകാരം എല്ലാവർക്കും 20 ദിവസത്തെ ആർജ്ജിതാവധി അനുവദനീയമാണെന്ന മറുപടിയാണ് നൽകിയത്. മേൽ ഉത്തരവ് പ്രകാരം അർഹതയുണ്ടെങ്കിൽ 20 ആർജ്ജിതാവധി നൽകാമെന്നാണ് പറഞ്ഞിട്ടുള്ളത്. ക്രഡിറ്റിലില്ലാത്ത ആർജ്ജിതാവധി പണമായി അനുവദിച്ചത് ക്രമപ്രകാരമല്ല. ഓരോരുത്തർക്കും അധികം നൽകിയ 25 ദിവസം വീതം ആർജ്ജിതാവധി തുക തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. ആയതു വരെ ആധികം നൽകിയ ആർജ്ജിതാവധി തുക 30833/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-43 ആരോഗ്യ ജാഗ്രത – ചെലവു വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

23.07.2018 ലെ 21800314 മുതൽ 21800345 വരെയുള്ള വൗച്ചറുകൾപ്രകാരം നഗരസഭയിലെ 32 വാർഡുകളിലേക്കായി ശുചിത്വ മിഷൻ ഫണ്ടിനത്തിൽ 5000 രൂപ വീതം 160000/- രൂപ നൽകിയിട്ടുണ്ട്. ടി തുകയുടെ ചെലവു വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(22/16.01.2020) 14 വാർഡുകളിലെ ചെലവു വൗച്ചറുകൾ (70000/- രൂപ) ഓഡിറ്റിനായി ലഭ്യമാക്കി. ബാക്കി 18 വാർഡുകളിലെ ചെലവു വിവരം കൂടി ലഭ്യമാക്കേണ്ടതാണ് . അതുവരെ ചെലവു തുക 90000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-44 സെക്രട്ടറിയുടെ ശമ്പളം ട്രഷറിയിലേക്ക് തിരിച്ചടവാക്കിയില്ല.

1994ലെ കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 48(3) പ്രകാരം നഗരസഭാ സെക്രട്ടറിമാർ സർക്കാർ ട്രഷറിയിൽ നിന്നും കൈപ്പറ്റുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നഗരസഭയുടെ തനതു ഫണ്ടിൽ

നിന്നും തിരിച്ച് സർക്കാർ ട്രഷറിയിൽ തന്നെ തിരികെ അടവാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഓരോ മാസവും ഇപ്രകാരം സംസ്ഥാന ഫണ്ടിലേക്ക് അടവാക്കണമെന്നാണ് ആക്ടിലെ വ്യവസ്ഥ. എന്നാൽ 2018-19 വർഷത്തിൽ സെക്രട്ടറി ശമ്പളമിനത്തിൽ മാത്രം 552903/- രൂപ കൈപ്പറ്റിയിട്ടുണ്ട്. കൈപ്പറ്റിയ തുകകൾ തനത് ഫണ്ടിൽ നിന്നും ക്രമീകരിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/18.01.2020) മറുപടി ലഭ്യമാക്കിയില്ല. മുൻ വർഷങ്ങളിലുൾപ്പടെ ഇപ്രകാരം കൈപ്പറ്റിയിട്ടുള്ള തുക കണക്കാക്കി സർക്കാർ ട്രഷറിയിലേക്ക് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-45 അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടത് സംബന്ധിച്ച്

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരമുള്ള ചെലവുകളുടെ അനുബന്ധ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ തിയ്യതി | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | 21800270/ 07.07.2018 | 25000 | കേരള സ്റ്റേറ്റ് ചൈൽഡ് വെൽഫെയർ കമ്മിറ്റി ക്കു വേണ്ടി ചാർജ്ജ് ഓഫീസറായ ജില്ലാ കലക്ടർക്കു നൽകിയ തുക കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല. |
| 2 | 21800271/ 07.07.2018 | 15000 | Armed force Flag day collectionതുക ജില്ലാ സൈനിക വെൽഫെയർ ഓഫീസിനു നൽകിയത്. കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല. |
| 3 | 21800374/ 26.07.2018 | 18004 | വാഹന ഇൻഷൂറൻസ് തുക(KL-55-R-9145) ന്യൂ ഇൻഡ്യ ഇൻഷൂറൻസ് കമ്പനിക്ക് നൽകാനായി പിൻവലിച്ചത്. കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല. |
| 4 | 21800375/ 27.07.2018 | 15770 | വാഹന ഇൻഷൂറൻസ് തുക ഇൻഷൂറൻസ് കമ്പനിക്ക് നൽകാനായി പിൻവലിച്ചത്. കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല. |
| 5 | 21800525/ 04.09.2018 | 1000000 | Distress relief Fund നൽകുന്നതിനായി പിൻവലിച്ചത്.<br>കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല. |
| 6 | 21800748/ 07.11.2018 | 12096 | Advertisement charge- മാതൃഭൂമി പത്രത്തിനു നൽകാനായി പിൻവലിച്ചത്.<br>കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല. |
| 7 | 21800749/ 07.11.2018 | 11038 | Advertisement charge- ചന്ദ്രിക പത്രത്തിനു നൽകാനായി പിൻവലിച്ചത്.<br>കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല. |
| 8 | 21800765/ 16.11.2018 | 14655 | Electric post replacing charge-ward 23- (AE KSEB Kottakkal ) പൂർത്തീകരണ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല. |
| 9 | 21800883/ 06.12.2018 | 10000 | Advocate Fee – ശ്രീ നൗഷാദ് തോട്ടത്തിൽ എന്നവർക്കു നൽകുന്നതിനായി പിൻവലിച്ചത് (WP(c) No. 21314/18. |

| | | | |
|---|---|---|---|
| | | | കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല. |
| 10 | 21800884/ 06.12.2018 | 10000 | Advocate Fee – ശ്രീ E S M കബീർ എന്നവർക്കു നൽകുന്നതിനായി പിൻവലിച്ചത് (WP(c) No. 2143/18. കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല. |
| 11 | 21800885/ 06.12.2018 | 10000 | Advocate Fee – ശ്രീ E S M കബീർ എന്നവർക്കു നൽകുന്നതിനായി പിൻവലിച്ചത് (WP(c) No. 32750/17. കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല. |
| 12 | 21801013/ 04.01.2019 | 15,580 | Electric post replacing charge-ward 9- (AE KSEB Kottakkal ) പൂർത്തീകരണ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല. |
| 13 | 21801014/ 04.01.2019 | 15000 | Advocate Fee – ശ്രീ E S M കബീർ എന്നവർക്കു നൽകുന്നതിനായി പിൻവലിച്ചത് (WP(c) No. 32761/17. കൈപ്പറ്റ് രശീതി ലഭ്യമാക്കിയില്ല. |
| 14 | 21801206/ 12.02.2019 | 12880 | 7 അംഗൻവാടികളിലെ ഭൂജല സർവ്വേ നടത്തുന്നതിന് ഭൂജല വകുപ്പിന് നൽകിയ തുക- പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. |
| 15 | 21801304/ 23.02.2019 | 17586 | Electric post replacing charge-ward 23- (AE KSEB Kottakkal ) പൂർത്തീകരണ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല. |
| 17 | 21801304/ 23.02.2019 | 25253 | Electric post replacing charge-ward 15- (AE KSEB Kottakkal ) പൂർത്തീകരണ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല. |
| | | 1227862 | |

മേൽ ചെലവുകളുടെ അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/16.01.2020) മറുപടി ലഭ്യമാക്കിയില്ല . അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക1227862/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-46 വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകൽ- അപാകതകൾ

പ്രോജക്ട് നമ്പർ 314/19 പ്രകാരം വൃക്കരോഗികൾക്ക് ഡയാലിസിസിന് വരുന്ന ചെലവിലേക്കായി തനത് ഫണ്ടിൽ നിന്നും 8 ലക്ഷം രൂപ വകയിരുത്തി അൽമാസ് ഹോസ്പിറ്റലിന് അനുവദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് 01.03.2016 നമ്പർ 957/2016/തസ്വഭവ അനസരിച്ച് കോട്ടക്കൽ അൽമാസ് ഹോസ്പിറ്റലുമായി സഹകരിച്ച് ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ചെലവാകുന്ന തുകയുടെ 40ശതമാനം തനത് ഫണ്ട് വകയിരുത്തി രോഗി ഹാജരാക്കുന്ന രശീതിയുടെ അടിസ്ഥാനത്തിൽ ഹോസ്പിറ്റലിന് നൽകുന്നതിനാണ് പ്രോജക്ട് അംഗീകരിച്ചത്. ചെലവിന്റെ 40ശതമാനം അൽമാസ് ഹോസ്പിറ്റലും 20ശതമാനം പൊതുജനങ്ങളും വഹിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രോജക്ട് തയ്യാറാക്കൽ, നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ കാണിച്ച അപാകതകളുണ്ട്

1.പദ്ധതിയുടെ ഗുണഭോക്താക്കളായി തിരഞ്ഞെടുത്ത രോഗികളുടെ ചെലവ് ദീർഘകാലം വഹിക്കുന്നതിനായി വർഷാവർഷങ്ങളിൽ തുടർപ്രജക്ടുകൾ ഉൾപ്പെടുത്തുന്നതിനുള്ള അനുമതിയല്ല മേൽ ഉത്തരവിലൂടെ ലഭ്യമായിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി ചികിത്സാ ധനസഹായം നൽകുന്ന രോഗികളുടെ വിവരം, തുടർ വർഷങ്ങളിൽ ആനുകുല്യത്തിനായി

അപേക്ഷകരുണ്ടെങ്കിൽ ആയതിൻ്റെ വിവരം എന്നിവ വ്യക്തമാക്കി തനത് ഫണ്ട് ചെലവഴിക്കാൻ സർക്കാർ അനുമതി വാങ്ങേണ്ടതാണ്.

2. പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് രോഗികളുടെ തിരഞ്ഞെടുപ്പ്, ആശുപത്രി/രോഗികൾ ഹാജരാക്കുന്ന രേഖകളുടെ സ്ക്രൂട്ടിനി, പൊതുഫണ്ട് സമാഹരണം, ആയതിൻ്റെ എക്കൗണ്ടിംഗ്,പിരിവ് തുടങ്ങിയ വ്യക്തമാക്കുന്ന ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ആവശ്യമാണ്.

3.പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഹോസ്പിറ്റലുമായി ചികിത്സാ ചെലവ്, രോഗികൾക്ക് ലഭ്യാമാക്കുന്ന മറ്റ് സേവനങ്ങൾ, കാലയളവ് തുടങ്ങിയ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന കരാർ തയ്യാറാക്കിയതായി കാണുന്നില്ല.

പ്രോജക്ട് തയ്യാറാക്കൽ, അംഗീകാരം, നിർവ്വഹണവുമായി ബന്ധപ്പെട്ട് മേൽപരാമർശിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-47 അജൈവ മാലിന്യ സംസ്കരണം - പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കാൻ തുക നിക്ഷേപിച്ചത്

നഗരസഭയുടെ 2017-18 വാർഷിക പദ്ധതിയിൽ അജൈവമാലിന്യങ്ങളുടെ സംസ്കരണം ലക്ഷ്യമാക്കി പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കാനും രണ്ടാം വർഷത്തിൽ പ്ലാസ്റ്റിക് ശേഖരിക്കാനും അനുബന്ധ പ്രവർത്തങ്ങൾക്കുമായി ഗ്രീൻ കോട്ടക്കൽ എന്ന പേരിൽ ഒരു ബഹുവർഷ പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യസംസ്കരണ പ്രോജക്റ്റുകൾ തയ്യാറാക്കി നടപ്പിൽ വരുത്താൻ ടെൻണ്ടർ നടപടികൾ ഒഴിവാക്കി ക്ലീൻ കേരളാ കമ്പനിയെ ചുമതലപ്പെടുത്തുന്നനായുള്ള 19.05.2017 ലെ 1641/2017/തസ്വഭവ ഉത്തരവിൻ്റെ അടിസ്ഥാനത്തിൽ കൗൺസിൽ തീരുമാന പ്രകാരം പ്ലാസ്റ്റിക് ഷ്രെഡിംഗ് ആൻ്റ് ബ്ലെയിംഗ് യൂണിറ്റ് മെഷിനറിയുടെ വില, ഇൻസ്റ്റലേഷൻ ചാർജ്,സൂപ്പർവിഷൻ ചാർജ് എന്നിവക്കായി ആവശ്യപ്പെട്ട തുക 982,943 രൂപ ക്ലീൻ കേരളാ കമ്പനിയുടെ എക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

നഗരസഭയുടെ ജൈവ മാലിന്യ പ്ലാൻ്റായി പ്രവർത്തിച്ചതും പ്രദേശവാസികളുടെ എതിർപ്പ് മൂലം നിർത്തിവെച്ചതുമായ മൈലാടി പ്ലാൻ്റിലെ ഷെഡിൽ തന്നെ പ്ലാസ്റ്റിക് ഷ്രെഡിംഗ് ആൻ്റ് ബ്ലെയിംഗ് മെഷീൻ സ്ഥാപിക്കുന്നതിനാണ് നഗരസഭ തീരുമാനിച്ചതെന്ന് ഫയലിൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ ഇതുവരെയും പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് പ്രദേശവാസികളുമായി സമവായത്തിലെത്താൻ സാധിക്കാത്തതിനാൽ മെഷിനറി സ്ഥാപിക്കാനായിട്ടില്ലായെന്ന് ഹെൽത്ത് ഇൻസ്പെക്ടറുടെ 20.08.2018 ലെ റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. മെഷീൻ സ്ഥാപിക്കുന്നതോടൊപ്പം പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കാനും അനുബന്ധ പ്രവർത്തങ്ങൾക്കുമായി നഗരസഭ സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിൻ്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 13.08.19 മുതൽ 14.08.2019 വരെ | കെഎസ്എഎംപിഎം 20/1894/2019 തി. 24.08.19 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന നിർമ്മാണം ധനസഹായം | 2982/19തി. 02.10.2016 | 2,24,00,000 | 1,86,00,000 | 32,00,000 | 293342 | 1,54,00,000 |
| പി എം എ വൈ | | 96,00,000 | - | - | - | 96,00,000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 22226102 |
| തൻവർഷം നിക്ഷേപിച്ച തുക | 2410008 |
| ആകെ | 24636110 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 24636110 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| **നിക്ഷേപത്തിന്റെ വിവരം** | **തുക** |
|---|---|
| പഞ്ചാബ് നാഷണൽ ബാങ്ക് - 3568 | 4,61,410 |
| കോട്ടയ്ക്കൽ സർവ്വീസ് സഹകരണബാങ്ക് -13427 | 4,66,426 |
| കോട്ടയ്ക്കൽ സഹകരണ അർബ്ബൻ ബാങ്ക് -12317 | 5,55,581 |
| കേരള ഗ്രാമീൺ ബാങ്ക് -50009 | 3,70,483 |
| കോട്ടയ്ക്കൽ സർവ്വീസ് സഹകരണ അർബ്ബൻ ബാങ്ക് - 58135 | 5,15,086 |
| മലപ്പുറം ജില്ലാ സഹകരണബാങ്ക് - 520050 | 4,46,694 |
| മലപ്പുറം ജില്ലാ സഹകരണബാങ്ക് - 520014 | 4,21,833 |
| ട്രഷറി സേവിംഗ് ബാങ്ക് - 618333 | 55,21,221 |

| | |
|---|---|
| ട്രഷറി സേവിംഗ് ബാങ്ക് - 618447 | 6,79,366 |
| കോട്ടയ്ക്കൽ സർവ്വീസ് സഹകരണ അർബ്ബൻ ബാങ്ക് -13751 | 38,81,605 |
| കോട്ടയ്ക്കൽ സർവ്വീസ് സഹകരണ അർബ്ബൻ ബാങ്ക് -13750 | 38,81,605 |
| കോട്ടയ്ക്കൽ സർവ്വീസ് സഹകരണ അർബ്ബൻ ബാങ്ക് -13483 | 28,34,245 |
| കോട്ടയ്ക്കൽ സർവ്വീസ് സഹകരണ അർബ്ബൻ ബാങ്ക് -12318 | 25,94,555 |
| ഇകുറ്റി ഷെയർ - 025 (ക്ലീൻ കേരള മിഷൻ) | 20,06,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2018-19 വർഷത്തിൽ ലഭിച്ച 495/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2(1) | 2016-17 | --- | തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | നടപടി തുടരുന്നു |
| 2015-16 | 2(3) | 2016-17 | --- | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല. | നടപടി തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടികൾ വഴി തുക ഈടാക്കിയ /ഈടാക്കുവാൻ അവശേഷിക്കുന്ന തുക

| ക്രനം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/തീയതി | തുക | |
| 1 | 2003-04 | 2-2 | കെ പി നന്ദകുമാർ , സെക്രട്ടറി | LF 1857/spl.cell/SC5/10.dt.15.12.10 (ചാർജ്) | 12,778 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 2 | 2004-05 | 2-16<br>2-19 | പി കെ അസീസ് | LF 19430/spl.cell/SC5/10.dt..09.10 (ചാർജ്) | 9843 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 3 | 2006-07 | 2-1 | എം ശിവശങ്കരൻ | LF 7325/spl.cell/SCD1/12.dt.12.09.14 (ചാർജ്) | 41952 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 4 | 2006-07 | 2-4<br>2-11 | കെ സോമസുന്ദരൻ | LF 8588/spl.cell/CSC/D1/12.dt.14.07.14 (ചാർജ്) | 4920 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |

ബി )സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക

സർചാർജ് നടപടികളുടെ വിവരം

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/തീയതി | തുക | |
| 1 | 1998-99 | 58pt. | പി കെ ബാബു സെക്രട്ടറി | LF 20573/spl.cell/SC3/00.dt.06.03.03 | 2521 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 2 | 1998-99 | 58pt. | കെ മുഹമ്മദ് അഷ്റഫ് | LF 20573/spl.cell/SC3/00.dt.06.03.03 | 281668 | കോടതിയിൽ കേസ് നടന്നു വരുന്നു. |
| 3 | 2003-04 | 3-1 | എം പി നന്ദകുമാർ സെക്രട്ടറി | LF 1857/spl.cell/SC5/10.dt.15.12.10 | 13,500 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 4 | 2003-04 | 3-14 | കെ എസ് ശശികല ,ഹെഡ്മിസ്ട്രസ് | LF 1857/spl.cell/SC5/10.dt.15.12.10 | 2240 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 5 | 2004-05 | 3-20(2)<br>3-21<br>3-23 | എം പി നന്ദകുമാർ സെക്രട്ടറി | LF 14219/spl.cell/SCD1/12.dt.14.12.12 | 33461 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 6 | 2006-07 | 3-5(2)<br>3-8<br>3-12<br>3-15 | കെ സോമസുന്ദരൻ | LF 7325/spl.cell/SCD1/12.dt.09.07.12 | 241007 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 7 | 2006-07 | 3-11 | എം പി നന്ദകുമാർ സെക്രട്ടറി | LF 7325/spl.cell/SCD1/12.dt.09.07.12 | 178655 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 8 | 2007-08 | 3-5<br>3-12<br>3-13<br>3-14<br>3-21<br>3-22<br>3-31<br>3-34(5) | കെ സോമസുന്ദരൻ | LF 8588/spl.cell/SCD1/12.dt.14.02.14 | 1345621 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 9 | 2005-06 | 3-19pt. | എം പി നന്ദകുമാർ സെക്രട്ടറി | LF 4100/spl.cell/SC5/10.dt.10.09.12 | 137146 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുൻ ബാക്കി ഉൾപ്പെടെ) | : | 301300037.97 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 175321078 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 21534882/- |

(ബി). <u>നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 36302 | ഡോ.സയ്യിദ് ഫസൽ കെ പി, മെഡിക്കൽ ഓഫീസർ – പി എച്ച് സി |
| 1-28 | 1333881 | ശ്രീ. മണികണ്ഠൻ ആർ, സെക്രട്ടറി |
| 1-40 | 4119129 | ശ്രീ.മാധവൻ എ, മുനിസിപ്പൽ എൻജിനിയർ |
| | 1578559 | ശ്രീ.വിബിൻ, മുനിസിപ്പൽ എൻജിനിയർ |
| | 13093316 | ശ്രീമതി മിനിമോൾ പി ടി , മുനിസിപ്പൽ എൻജിനിയർ |
| 1-42 | 30832 | ശ്രീ. മണികണ്ഠൻ ആർ, സെക്രട്ടറി |
| 1-43 | 90000 | ഡോ.സയ്യിദ് ഫസൽ കെ പി, മെഡിക്കൽ ഓഫീസർ – പി എച്ച് സി |
| 1-45 | 1227862 | ശ്രീ. മണികണ്ഠൻ ആർ, സെക്രട്ടറി |
| **ആകെ** | 21509882 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സപ്പെടുത്തിയ തുകക്ക് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ലത. കെ വി, ഹെഡ്മാസ്റ്റർ | വിരമിച്ചു | പാഞ്ചജന്യം, പാണ്ടമംഗലം, കോട്ടക്കൽ-676503<br>മലപ്പുറം ജില്ല |
| ഡോ.സയ്യിദ് ഫസൽ കെ | മെഡിക്കൽ ഓഫീസർ – സി എച്ച് | ഷിഹാബ് മൻസിൽ, മുണ്ടുപറമ്പ്, മലപ്പുറം. |

| | | |
|---|---|---|
| പി, മെഡിക്കൽ ഓഫീസർ – സി എച്ച് സി | സി, കോട്ടക്കൽ | |
| ശ്രീ. മണികണ്ഠൻ ആർ, സെക്രട്ടറി | സെക്രട്ടറി, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി | സാബിമന്യം, GRA C268/3, ഗുരുജി റോഡ്, വട്ടിയൂർക്കാവ് പി ഒ, തിരുവനന്തപുരം-695013 |
| ശ്രീ.മാധവൻ എ, മുനിസിപ്പൽ എൻജിനിയർ | അസി. എക്സി.എൻജിനിയർ, തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്. | ശ്രീ നിലയം, തോക്കോംപാറം, കോട്ടക്കൽ പി ഒ |
| ശ്രീ.വിബിൻ, മുനിസിപ്പൽ എൻജിനിയർ | അസി.എൻജിനിയർ, തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് | ലഭ്യമല്ല. |
| ശ്രീമതി മിനിമോൾ പി ടി , മുനിസിപ്പൽ എൻജിനിയർ | മുനിസിപ്പൽ എൻജിനിയർ, കോട്ടക്കൽ നഗരസഭ | അരമൂരിപ്പറമ്പിൽ തിരുവോണം, തുരുത്തിക്കര, പൈനാംപള്ളി പി ഒ , മുളം തുരുത്തി, എറണാംകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

നഗരസസഭയുടെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏററവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1985-86<br>86-87<br>87-88 | എൽ എഫ് എം . 18/1294/2010 തി.27.07.2010 | 10 |
| 2 | 1988-89<br>89-90<br>90-91 | എൽ എഫ് എം.14/281/2003 തി.30.01.2003 | 5 |
| 3 | 1991-92 | എൽ എഫ് എം.14/282/2003 തി.30.01.2003 | 3 |
| 4 | 1994-95<br>95-96 | എൽ എഫ് എം.17/1297/2010 തി.27.07.2010 | 14 |
| 5 | 1996-97 | എൽ എഫ് എം. 14/285/03 തി.29.01.03 | 8 |
| 6 | 1997-98 | എൽ എഫ് എം .17/1298/ തി.27.07.2010 | 1 |

| | | | |
|---|---|---|---|
| 7 | 1998-99 | എൽ എഫ് എം .17/1299/ തി.27.07.2010 | 5 |
| 8 | 1999-00 | എൽ എഫ്എം.18/1300/ തി.27.07.2010 | 1 |
| 9 | 2000-01 | എൽ എഫ് എം.17//1301/ തി.27.07.2010 | 0 |
| 10 | 2001-02 | എൽ എഫ് എം.21/1302 തി.27.07.2010 | 8 |
| 11 | 2002-03 | എൽ എഫ് എം.17/1303 തി.27.07.2010 | 11 |
| 12 | 2003-04 | എൽ എഫ് എം.10/1002/09 തി.06.01.2010 | 6 |
| 13 | 2004 -05 | എൽ എഫ് എം.20/1998/10 തി.2.05.2011 | 31 |
| 14 | 2005-06 | എൽ എഫ് എം.16/1550/10 തി.2.12.2010 | 9 |
| 15 | 2006-07 | എൽ എഫ് എം.10/1136/09 തി.17.12.2009 | 13 |
| 16 | 2007-08 | എൽ എഫ് എം.11/1137/09 തി.19.12.2009 | 21 |
| 17 | 2008-09 | എൽ എഫ് എം.20/112/12 തി.10.02.2012 | 21 |
| 18 | 2009-10 | എൽ എഫ് എം.20/113/12 തി.10.02.2012 | 27 |
| 19 | 2010-11<br>2011-12<br>2012-13 | എൽ എഫ് എം.20/37/14 തി.14.03.2014 | 55 |
| 20 | 2013-14 | കെ എസ് എ -എം.പി എം 20/1960/2015 തി.10.09.2015 | 33 |
| 21 | 2014-15 | കെ എസ് എ -എം.പി എം 21/344/16 തി.24.05.2016 | 18 |
| 22 | 2015-16 | കെ എസ് എ -എം.പി എം 20/2758/2016 തി.03.05.2018 | 17 |
| 23 | 2016-17 | കെ എസ് എ -എം.പി എം 20/2439/2017 തി.22.03.2018 | 25 |
| 24 | 2017-18 | കെ എസ് എ -എം.പി എം 20/445/2018 തി.28.05.2019 | 29 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

## Annexure 1 ഓഡിറ്റ് സാക്ഷ്യപത്രം

**കെ.എസ്.എ.എം.പി.എം.20/1894/2019**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.**

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in

**തിയ്യതി: 24/08/2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള നഗരപാലിക നിയമത്തിലെ 295(4)-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കോട്ടക്കൽ നഗരസഭയുടെ 31.03.2019 – ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോട്ടക്കൽ നഗരസഭയുടെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.**

/